بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 39

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 സെപ്റ്റംബർ 29/ഹി.ശം. 1401 തബൂക് 29/ഹിജ്റ 1444 റബീഉൽ അവ്വൽ 2

## അല്ലാഹുവിന്റെ വചനം

خُذُوۡا مَاۤ اٰتَیۡنٰکُمۡ بِقُوَّۃٍ وَّاذۡکُرُوۡا مَا فِیۡہِ لَعَلَّکُمۡ تَتَّقُوۡنَ ﴿۱۷۲﴾

(سُوۡرَۃُ الۡاَعۡرَافِ:172)

‘നാം നിങ്ങൾക്കു നല്കിയതിനെ മുറുകെ പിടിക്കുകയും അതിലുള്ളതിനെ നിങ്ങൾ ഓർക്കുകയും ചെയ്യുക;നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നവരാകുവാൻവേണ്ടി.’ (7:172)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

**കച്ചവടത്തിൽ കച്ചവടം ചെയ്യരുത്**

(2139) ബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളിൽ ചിലർ തന്റെ സ്നേഹിതന്റെ കച്ചവടത്തിൽ കച്ചവടം ചെയ്യരുത്.

**നിങ്ങളിലാരും നിങ്ങളുടെ സഹോദരന്റെ നിക്കാഹ് സന്ദേശത്തിനുമേൽ സന്ദേശമയക്കരുത്**

(2140) അബൂഹുറയ്റ[റ] നിവേദനം. ചരക്കുമായിവരുന്ന ഗ്രാമവാസികൾക്കുവേണ്ടി പട്ടണവാസി വിൽപന നടത്തുന്നത് നബി[സ]തിരുമേനി നിരോധിച്ചിരിക്കുന്നു.(വാങ്ങാനുദ്ദേശ്യമില്ലാതെ മറ്റുള്ള വഞ്ചിക്കാൻവേണ്ടി)ചരക്കിന് വില ഏറ്റിപ്പറുയുകയോ തന്റെ സഹോദരൻ കച്ചവടം ചെയ്തു കഴിഞ്ഞ ചരക്ക് വീണ്ടും കച്ചവടം ചെയ്യാൻ ശ്രമിക്കുകയോ തന്റെ സഹോദരൻ വിവാഹാലോചന നടത്തിക്കൊണ്ടിരുന്ന സ്ത്രീയെ വിവാഹം ചെയ്യാൻ ആലോചനനടത്തുകയോ ചെയ്യരുത്. തന്റെ സഹോദരിക്ക് കിട്ടിക്കൊണ്ടിരുന്ന അവകാശാനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കളയാൻവേണ്ടി ഒരു സ്ത്രീ അവളുടെ വിവാഹ മോചനത്തിന് ആവശ്യപ്പെടുകയുമരുത്.

**വിലകയറ്റിപ്പറയാൻ പാടില്ല**

(2142) ഇബ്നു ഉമർ[റ] പറയുന്നു:ചരക്കിന് വിലകൂടുതൽ വാങ്ങുന്നതിനെ (കൊള്ളലാഭത്തെ) നബി[സ]തിരുമേനി വിരോധിച്ചിരിക്കുന്നു. ഏതെങ്കിലും വ്യക്തിയുടെ ഏതെങ്കിലും സാധനത്തിന്റെ വില മറ്റുള്ളവരെക്കാൾ കൂടുതൽ കൊടുക്കാൻ പ്രകടിപ്പിക്കുക, യഥാർഥത്തിൽ അയാൾ അത് വാങ്ങാനാഗ്രഹിക്കുന്നില്ല. അതിനെ ബഖ്ശ് എന്നു പറയുന്നു. *(ബുഖാരി വാല്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/

**ചിലപ്പോൾ നബി[സ]തിരുമേനി അദ്ദേഹത്തിന്റെ പ്രായം പറഞ്ഞുകൊണ്ട് അദ്ദേഹം മരിച്ചെന്ന് സാക്ഷ്യം പറയുന്നു. ചിലപ്പോൾ ആഗതനാകേണ്ടുന്ന വാഗ്ദത്ത മസീഹിന്റേയും ഇസ്റായീലി മസീഹിന്റേയും വെവ്വേറെ മുഖാകൃതി പറഞ്ഞുകൊണ്ട് അദ്ദേഹം മരിച്ചുപോയെന്ന് മനസ്സിലാക്കിത്തരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ 30 ആയത്തുകൾ നമ്മെ പിന്തുണയ്ക്കുന്നതാണ്. ചിലപ്പോൾ അത് ***യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക*** പറഞ്ഞുകൊണ്ട്(ആലു ഇംറാൻ:56) ചിലപ്പോൾ ***ഫലമ്മാ തവഫ്യ്ത്തിനീ*** എന്നു പറഞ്ഞുകൊണ്ട്(മാഇദ:118)ചിലപ്പോൾ ***മാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ*** എന്നു പറഞ്ഞുകൊണ്ട്(ആലു ഇംറാൻ:145)! ചുരുക്കത്തിൽ ചിലപ്പോൾ ചില ശൈയിൽ ചിലപ്പോൾ ചില രീതിയിൽ, ഏതൊരു വഴിയിലാണോ ഞാൻ അല്ലാഹുവിന്റെ കൃപയാൽ നിലകൊള്ളുന്നത് അതുതന്നെയാണ് സത്യമെന്ന് വിളിച്ചുവിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതേ രീതിയിൽത്തന്നെ നബി[സ]തിരുമേനി ഹദ്റത്ത് യഹ്‌യായോടൊപ്പം മിഅ്റാജിൽ ഹദ്റത്ത് യേശുമസീഹിനെ കാണുന്നു. ജീവിച്ചിരിക്കുന്നവരിലും മരിച്ചവരിലും ഉണ്ടായിരിക്കേണ്ടതായ എന്തെങ്കിലും പ്രത്യേകമായ വ്യത്യാസം അവരിരുവരിലും പറഞ്ഞിട്ടില്ലെന്നത് ദൃഢമായ കാര്യമാണ്. ചിലപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പ്രായം പറഞ്ഞുകൊണ്ട് അദ്ദേഹം മരിച്ചെന്ന് സാക്ഷ്യം പറയുന്നു. ചിലപ്പോൾ ആഗതനാകേണ്ടുന്ന വാഗ്ദത്ത മസീഹിന്റേയും ഇസ്റായീലി മസീഹിന്റേയും വെവ്വേറെ മുഖാകൃതി പറഞ്ഞുകൊണ്ട് അദ്ദേഹം മരിച്ചുപോയെന്ന് മനസ്സിലാക്കിത്തരുന്നു. ഹദീഥിന്റേയും ഖുർആനിന്റേയും സാക്ഷ്യമാണിത്. ഇതിനുപുറമെ നബി[സ]തിരുമേനി വഫാത്തായപ്പോൾ മുഴുവൻ സ്വഹാബത്തിന്റേയും സാക്ഷ്യം എല്ലാ നബിമാരും മരിച്ചുപോയിരിക്കുന്നുവെന്നതായിരുന്നു. ഹദ്റത്ത് ഉമർ(റ)നബി(സ)തിരുമേനിയെ സംബന്ധിച്ച് ഇപ്പോൾ മരിച്ചിട്ടില്ലെന്ന് പറഞ്ഞു. എന്നല്ല വാളെടുത്തുകൊണ്ട് എഴുന്നേറ്റു നില്ക്കുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] എഴുന്നേറ്റുനിന്നുകൊണ്ട് ***മാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ*** എന്ന് (ആലു ഇംറാൻ:145) ഓതിക്കൊണ്ട് പ്രസംഗിക്കുന്നു. ആ അവസരത്തിൽ ഒരു ഖിയാമത്തിന്റെ രംഗമായിരുന്നു. അതായത് നബി[സ]തിരുമേനി ഈ ലോകത്തുനിന്ന് വിടപറഞ്ഞു കഴിഞ്ഞിരിക്കുന്നു. എല്ലാ സ്വഹാബിമാരും സംഘടിച്ചിട്ടുണ്ട്. എത്രത്തോളമെന്നാൽ ഉസാമായുടെ നേതൃത്വത്തിലുള്ള സൈന്യവും പുറപ്പെട്ടിട്ടില്ല. ഹദ്റത്ത് ഉമർ പറയുന്നതു കേട്ട് ഹദ്റത്ത് അബൂബക്ർ[റ] അത്യുച്ചത്തിൽ മുഹമ്മദു[സ]വഫാത്തായി കഴിഞ്ഞിരിക്കുന്നു എന്ന് പറയുന്നു. അതിനു മാ മുഹമ്മദുൻ ഇല്ലാ റസൂൽകൊണ്ട് തെളിവു നല്കുന്നു. ഇനി സ്വഹാബത്തിന്റെ ഭാവനയിലോ സങ്കൽപത്തിലോ ഈസാ[അ] ജീവിച്ചിരിക്കുന്നുവെന്ന വിചാമുണ്ടായിരുന്നെങ്കിൽ അവർ തീർച്ചയായും അതു വിളിച്ചു പറയുമായിരുന്നു. എന്നാൽ, അവർ മൗനം പാലിക്കുകയാണുണ്ടായത്. ഈ വചനം അന്ന് ഇറങ്ങി എന്ന നിലയിൽ അവർ ബാസാറുകളിൽ ഓതുമായിരുന്നു.

***മആദല്ലാഹ്!*** അബൂബക്റിനോടുള്ള ആദരയുക്തമായ ഭയം നിമിത്തം അദ്ദേഹത്തെ തിരുത്താതെ നിശബ്ദരായിരിക്കാൻ സ്വഹാബത്ത് കപടവിശ്വാസികളായിരുന്നില്ല. അങ്ങനെയല്ല, ഹദ്റത്ത് അബൂബക്ർ വിവരിച്ചത് യഥാർഥകാര്യമായിരുന്നു. അതുകൊണ്ട് എല്ലാവരും കഴുത്തു കുനിച്ചു. ഇതായിരുന്നു സ്വഹാബത്തിന്റെ ഏകോപിച്ച അഭിപ്രായം. ഹദ്റത്ത് ഉമറും പറഞ്ഞിരുന്നത് നബി[സ]തിരുമേനി വീണ്ടും വരുമെന്നായിരുന്നു. ഈ തെളിവ് പൂർണമായിരുന്നില്ലെങ്കിൽ(പരിപൂർണമാകുന്നത് ഒരു തരത്തിലുള്ള ഒഴിച്ചു നിറുത്തലും ഉണ്ടാകാത്തപ്പോഴാണ്. കാരണം ഹദ്റത്ത് ഈസാ[അ]സ്ഥൂലശരീരത്തോടെ ആകാശത്ത് പോയിട്ടുണ്ടെങ്കിൽ, അദ്ദേഹം തന്നെ വീണ്ടും വരുമെങ്കിൽ ഇതെന്തൊരു തെളിവാണ്? ഇതൊരു അപഹാസ്യമാണ്) ഹദ്റത്ത് ഉമർതന്നെ അതു തിരുത്തുമായിരുന്നു. *(മൽഫൂദാത്ത് വാല്യം 1, പേജ് 397, പ്രസാധനം ഖാദിയാൻ 2018)*

**വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടതിലും വിലക്കപ്പെട്ടതിലും യഥാർഥ അമുവദനീയതയുണ്ടെന്നാണ് ഖുർആനിക വാക്കുകൾ പറയുന്നത്. നിഷിദ്ധമാക്കപ്പെട്ടത് ഒരു തടവറ എന്ന നിലയ്ക്കാണുള്ളത്. അല്ലാഹു അനുവദനീയമാക്കിയിട്ടുള്ളതൊഴിച്ച് എല്ലാ വസ്തുക്കളും നിഷിദ്ധമാണെന്നാണ് ചിലയാളുകൾ കരുതുന്നത്. പക്ഷേ, ഇതു ശരിയല്ല. ഈ പൊതുവായ കല്പനയാൽ എല്ലാ വസ്തുക്കളും മുനഷ്യനു അനുവദനീയമാണ്; മനസ്സാലോ അല്ലെങ്കിൽ സൂചനയാലോ തടയപ്പെട്ടിട്ടുള്ളവ ഒഴികെ!**

സൂറത്തുന്നഹ്‌ലിന്റെ 116-ാം വചനമായ, ***ഇന്നമാ ഹർറമ അലയ്ക്കുമൽ മയ്ത്തത്ത വദ്ദമ വലഹ്മ ൽ ഖിൻസീരി വമാ ഉഹില്ല ലിഗയ്‌രില്ലാഹി ബിഹി ഫമനി ള്ത്വുർറ ഗയ്റ ബാഗിൻ വ്വലാ ആദിൻ ഫ ഇന്നല്ലാഹ ഗഫൂറുർറഹീമുൻ***(ശവം രക്തം പന്നിമാംസം അല്ലാഹു അല്ലാത്തവർക്കുവേണ്ടി അർപണം ചെയ്യപ്പെട്ടത് എന്നിവ മാത്രമാണ് അവൻ നിങ്ങൾക്ക് വിരോധിച്ചിട്ടുള്ളത്. എന്നാൽ, സ്വയം ആഗ്രഹിക്കുന്നവനും അതിരുകവിഞ്ഞവനുമാകാതെ വല്ലവനും നിർബന്ധിതനായൽ;അപ്പോൾ അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]പറയുന്നു:

വസ്തുക്കൾ അനുവദനീയമാക്കപ്പെ

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഓർക്കുക! അല്ലാഹു തന്റെ നബി[സ] തിരുമേനി മുഖേന സൈന്യത്തിന്റെ ആധിക്യം കാരണമല്ല നമുക്ക് വിജയങ്ങൾ നൽകിയത്. നമ്മുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ ഞങ്ങൾ നബി[സ] തിരുമേനിയുടെ കൂടെ ജിഹാദ് ചെയ്തിരുന്നു. ഞങ്ങളുടെ പക്കൽ രണ്ടു കുതിരകളാണ് ഉണ്ടായിരുന്നത്. ഒട്ടകത്തിന്മേലും ഞങ്ങൾ ഊഴമിട്ടാണ് യാത്ര ചെയ്തിരുന്നത്. ഉഹുദു യുദ്ധദിവസം ഞങ്ങൾ നബി[സ] തിരുമേനിയുടെകൂടെ ഉണ്ടായിരുന്നു. ഞങ്ങളുടെ പക്കൽ ഒരു കുതിര മാത്രമാണുണ്ടായിരുന്നത്. അതിലാണ് നബി[സ] തിരുമേനി യാത്ര ചെയ്തിരുന്നത്. പക്ഷേ, എന്നിട്ടും അല്ലാഹു ഞങ്ങൾക്ക് ശത്രുക്കളുടെമേൽ വിജയം നൽകി. ഞങ്ങളെ സഹായിക്കുകയും ചെയ്തു.**

**നബി[സ] തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്[റ] ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 ആഗസ്റ്റ് 26/1401 ളുഹൂർ 26, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ[റ] ശാമിലേക്ക് അയച്ച സൈന്യങ്ങളെ കുറിച്ചാണ് പരാമർശിച്ചിരുന്നത്. അത് ശത്രുക്കളുടെ അക്രമങ്ങളെ ചെറുക്കുന്നതിന് വേണ്ടിയാണ് അയച്ചിരുന്നത്. മൂന്നെണ്ണത്തെ കുറിച്ച് കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിരുന്നു. നാലാമത്തെ സൈന്യം ഹദ്റത്ത് അംറ് ബിൻ ആസ്വിന്റേതായിരുന്നു. അത് സംബന്ധിച്ച് എഴുതിയിരിക്കുന്നു:'ഹദ്റത്ത് അബൂബക്ർ[റ] ഒരു സൈന്യത്തെ ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ നേതൃത്വത്തിൽ ശാമിലേക്ക് അയച്ചിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്വ്[റ] ശാമിലേക്ക് പോകുന്നതിനു മുമ്പേ ഖുളാഅ എന്ന സ്ഥലത്തെ ഒരു ഭാഗത്ത് സക്കാത്ത് സ്വരുക്കൂട്ടാൻ നിശ്ചയിക്കപ്പെട്ടിരുന്നു. ഖുളാഅയുടെ മറുഭാഗത്ത് സക്കാത്ത് ശേഖരിക്കുന്നതിന് ഹദ്റത്ത് വലീദ് ബിൻ ഉഖ്ബയാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. ഹദ്റത്ത് അബൂബക്ർ[റ] ശാമിലേക്ക് വിവിധ സൈന്യങ്ങളെ അയക്കാനുള്ള തീരുമാനമെടുത്തപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ്വിനെ ശാമിലേക്ക് അയക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് അംറിന്റെ ഫിത്നകൾ ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാരണം ഹദ്റത്ത് അബൂബക്ർ[റ] അദ്ദേഹത്തിന് ഖുളാഅയിൽത്തന്നെ താമസിക്കുന്നതിനോ ശാമിൽപോയി മുസ്‌ലിമീങ്ങൾക്ക് ശക്തി പകരുന്നതിനോ ഉള്ള അധികാരം നൽകിയിരുന്നു. *(അൽബദായ വന്നിഹായ വാള്യം 4, ഭാഗം 7, പേജ് 3, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) പ്രസാധനം ദാറു ഹിജ്ർ 1998)(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം, പേജ് 340, ബുക് കോർണർ ഷോ റൂം ഝലം)*

അങ്ങനെ ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് അംറ് ബിൻ ആസ്വിനു കത്തെഴുതി. അതായത്, അല്ലയോ അബൂ അബ്ദുല്ലാഹ്! ഞാൻ താങ്കളെ ഈ ലോകവും പരലോകവും നന്നാക്കാൻ പര്യാപ്തമായ ഒരു കർമത്തിൽ വ്യാപൃതനാക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, താങ്കൾക്ക് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയാണ് ഇഷ്ടമെങ്കിൽ അങ്ങനെയാവട്ടെ.'

അതിന്റെ മറുപടിയിൽ ഹദ്റത്ത് അംറ് ബിൻ ആസ്വ്[റ] ഹദ്റത്ത് അബൂബക്ർ[റ] ന് ഇങ്ങനെ എഴുതി: 'ഞാൻ ഇസ്‌ലാമിന്റെ അമ്പുകളിൽ ഒരു അമ്പാകുന്നു. അല്ലാഹുവിനുശേഷം താങ്കൾ മാത്രമാണ് ഈ അമ്പുകളെ തൊടുത്തുവിടുന്നതിനും സ്വരുക്കൂട്ടുന്നതിനും കഴിയുന്നയാൾ. താങ്കളുടെ വീക്ഷണത്തിൽ ഏറ്റവും ദൃഢവും ഭയാനകവും ഉത്തമവുമായ അമ്പ് താങ്കൾക്ക് എവിടെ നിന്നാണോ അപകടമുണ്ടാകുന്നത് അവിടേക്ക് തൊടുത്തുവിട്ടാലും.

അതായത് എല്ലാത്തരം അപകടങ്ങളിലേക്കും പോകാൻ താൻ എല്ലാ നിലയ്ക്കും തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു! *(താരീഖ് അത്ത്വബരി ഭാഗം 2, പേജ് 322, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് അംറ് ബിൻ ആസ്വ് മദീനയിലെത്തിയപ്പോൾ, ഹദ്റത്ത് അബൂബക്ർ[റ] അദ്ദേഹത്തോട് ആജ്ഞാപിച്ചു: 'മദീനക്ക് പുറത്തുപോയി തമ്പടിക്കുക. അങ്ങനെ ജനങ്ങൾ താങ്കളോടൊപ്പം കൂടുന്നതാണ്. ഖുറയ്ശികളിലെ ഉന്നതരായ ഒരുപാടാളുകൾ താങ്കളോടൊപ്പം ചേരും. ശാമിലേക്ക് പോകണമെന്ന തീരുമാനമായപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ്വിനെ മദീനയിലേക്ക് വിളിച്ചു. അവിടെ എത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം സൈന്യത്തെ തയ്യാറാക്കുന്നതിന് അദ്ദേഹത്തോട് ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: മദീനക്ക് പുറത്ത് തമ്പടിക്കുക, ജനങ്ങൾ താങ്കളുടെ അടുത്തേക്ക് വരുന്നതാണ്. അങ്ങനെ അദ്ദേഹം പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ[റ] അദ്ദേഹത്തെ യാത്രയാക്കാൻ എത്തി. എന്നിട്ട് പറഞ്ഞു: 'അല്ലയോ അംറേ, താങ്കൾ അഭിപ്രായത്തിന്റെ കാര്യത്തിലും അനുഭവത്തിന്റെ കാര്യത്തിലും കഴിവുള്ളയാളാകുന്നു. യുദ്ധ വീക്ഷണവുമുണ്ട്. നിങ്ങൾ നിങ്ങളുടെ ജനതയിലെ ഉന്നതരായ മുസ്‌ലിമീങ്ങളോടൊപ്പമാണ് പോകുന്നത്. നിങ്ങൾ നിങ്ങളുടെ സഹോദരങ്ങളെ കണ്ടുമുട്ടുന്നതാണ്. അവർക്ക് നന്മ വരുത്തുന്നതിൽ കുറവൊന്നും വരുത്തരുത്. അവരുടെ നല്ല അഭിപ്രായങ്ങളെ തടസ്സപ്പെടുത്തരുത്. കാരണം നിങ്ങളുടെ അഭിപ്രായങ്ങൾ യുദ്ധത്തിൽ സ്തുത്യർഹവും പര്യവസാനത്തിൽ അനുഗ്രഹീതവുമായിരിക്കാം. ആരെങ്കിലും നല്ല അഭിപ്രായം പറഞ്ഞാൽ അതിനെ തടസ്സപ്പെടുത്തരുത്. നിങ്ങളുടെ പക്കൽ വല്ല അഭിപ്രായവുമുണ്ടെങ്കിൽ അത് തീർച്ചയായും ഉപയോഗപ്പെടുത്തുക.' ഹദ്റത്ത് അംറ് ബിൻ ആസ്വ്[റ] പറഞ്ഞു: 'എനിക്ക് താങ്കളുടെ വീക്ഷണത്തെ സത്യമാക്കി കാണിക്കാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായേനെ. എന്നെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായം തെറ്റാകാതിരിക്കട്ടെ.' ഹദ്റത്ത് അംറ് ബിൻ ആസ്വ്[റ] തന്റെ സൈന്യത്തോടൊപ്പം പുറപ്പെട്ടു. അദ്ദേഹത്തിന്റെ സൈന്യം ആറേഴായിരമായിരുന്നു. അവരുടെ ലക്ഷ്യസ്ഥാനം ഫലസ്തീൻ ആയിരുന്നു. ഹദ്റത്ത് അംറ്[റ] ആയിരം യോദ്ധാക്കളുടെ സൈനിക സംഘത്തെ തയ്യാറാക്കി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ നേതൃത്വത്തിൽ റോമിലേക്ക് മുന്നേറാൻ വേണ്ടി അയച്ചു. ഈ സൈന്യം റോമക്കാരുമായി ഏറ്റുമുട്ടി. ശത്രുക്കളുടെ ശക്തിയെ തീർത്തും ക്ഷയിപ്പിച്ചുകൊണ്ട് അവർക്ക് മേൽ വിജയം കരസ്ഥമാക്കി. ചില ബന്ദികളെയും കൊണ്ട് തിരിച്ചുവന്നു.

ഹദ്റത്ത് അംറ് ബിൻ ആസ്വ്[റ] ആ ബന്ദികളോട് കാര്യങ്ങൾ അന്വേഷിച്ചു. അതിൽനിന്ന് മനസ്സിലായത് റോമൻ സൈന്യം റുവയ്സിന്റെ നേതൃത്വത്തിൽ മുസ്‌ലിമീങ്ങൾക്കുമേൽ മിന്നൽ ആക്ര

മണത്തിന് തയ്യാറായിരിക്കുന്നുവെന്നാണ്. ഈ കാര്യങ്ങൾ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് അംറ് ബിൻ ആസ്(റ) തന്റെ സൈന്യത്തെ സുസംഘടിതമാക്കി. റോമക്കാർ ആക്രമണം നടത്തിയപ്പോൾ മുസ്‌ലിമീങ്ങൾ അവരുടെ ആക്രമണം തടയുന്നതിൽ വിജയിച്ചു. റോമൻ സൈന്യത്തെ പിന്തിരിഞ്ഞോടാൻ നിർബന്ധിതരാക്കി. അതിനുശേഷം അവർക്കുമേൽ തിരിച്ചടി നൽകിക്കൊണ്ട് ശത്രുക്കളുടെ ശക്തി ക്ഷയിപ്പിച്ചു. അവരെ തിരിഞ്ഞോടാനും യുദ്ധ മൈതാനം ഒഴിവാക്കാനും നിർബന്ധിതരാക്കി. ഇസ്‌ലാമിക സൈന്യം അവരെ പിന്തുടർന്നു. ആയിരക്കണക്കിന് റോമൻ പടയാളികൾ കൊല്ലപ്പെട്ടു. അങ്ങനെ ഈ യുദ്ധം അവസാനിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് അസ്സ്വലാബീ, മുത്തർജിം, പേജ് 448-449, അൽഫുർഖാൻ ട്രസ്റ്റ്, ഖാൻഗഢ് പാക്കിസ്താൻ)*

ഈസൈന്യങ്ങളെഅയച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ന് സമാധാനമായി. അല്ലാഹു ഈ സൈന്യങ്ങൾ മുഖേന റോമക്കാർക്കുമേൽ മുസ്‌ലിമീങ്ങൾക്ക് വിജയം നൽകുമെന്ന് അദ്ദേഹത്തിന് പൂർണ പ്രതീക്ഷയുണ്ടായിരുന്നു. അതിനുള്ള കാരണമെന്തെന്നാൽ അവരിൽ ആയിരത്തിലധികം മുഹാജിറുകളും അൻസ്വാറുമായ സ്വഹാബാക്കളുണ്ടായിരുന്നു. അവർ എല്ലാ സന്ദർഭത്തിലും പരമമായ കൂറ് പ്രകടിപ്പിച്ചവരാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് നബി(സ)തിരുമേനിയുടെ തോളോടുതോൾ ചേർന്ന് യുദ്ധങ്ങളിൽ ഭാഗഭാക്കായവർ ആയിരുന്നു. അവരിൽ ബദ്റിൽ പങ്കെടുത്ത ആളുകളുമുണ്ടായിരുന്നു. അവരെ കുറിച്ച് നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്തിരുന്നു: 'അല്ലാഹുവേ! ഇന്ന് നീ ഈ സംഘത്തെ നശിപ്പിക്കുകയാണെങ്കിൽ മേലിൽ ഒരിക്കലുംതന്നെ ഭൂമിയിൽ നിന്റെ ഇബാദത്ത് ചെയ്യപ്പെടുന്നതല്ല.' *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, പേജ് 352, ഇൽമ് വ ഇർഫാൻ പബ്ലിഷേഴ്സ്, ലാഹോർ 2004)*

വീണ്ടും എഴുതുന്നു: 'റോമാ ചക്രവർത്തി ഹിർഖൽ അന്ന് ഫലസ്തീനിലായിരുന്നു. മുസ്‌ലിമീങ്ങളുടെ തയ്യാറെടുപ്പുകളെ കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ അയാൾ അവിടെയുള്ള നേതാക്കന്മാരെ ഒരുമിച്ച് കൂട്ടി. അവർക്ക് മുന്നിൽ ആവേശഭരിതമായ പ്രസംഗം നടത്തിക്കൊണ്ട് അവരെ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിന് പ്രേരിപ്പിച്ചു. അയാൾ മുസ്‌ലിമീങ്ങളെ കുറിച്ച് പറഞ്ഞു: 'ഈ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന സംസ്കാര ശൂന്യരായ ജനങ്ങൾ അറേബ്യൻ മണലാരിണ്യത്തിൽനിന്നുവന്ന് നിങ്ങളെ ആക്രമിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവർക്ക് എത്ര ശക്തമായ വായടപ്പൻ മറുപടി നൽകണമെന്നാൽ, പിന്നീടൊരിക്കലും നിങ്ങളുടെ ഭാഗത്തേക്ക് നോക്കാൻ പോലും അവർക്ക് ധൈര്യമുണ്ടാകരുത്. യുദ്ധ സാമഗ്രികളും സൈന്യങ്ങളുമായി നിങ്ങളെ നാം സഹായിക്കുന്നതാണ്. നിങ്ങൾക്കുമേൽ നിയോഗിക്കപ്പെട്ട നേതാക്കന്മാരെ നിങ്ങൾ ഹൃദയപൂർവം അനുസരിക്കുക. വിജയം നിങ്ങൾക്കുതന്നെ ആയിരിക്കും.' ഹിർഖൽ ജനങ്ങളെ അറബികൾക്കെതിരിൽ, മുസ്‌ലിമീങ്ങൾക്കെതിരിൽ പ്രകോപിപ്പിക്കുന്നതിന് ചെയ്ത പ്രസംഗമാണിത്. ഫലസ്തീനിലെ ജനങ്ങളെ മുസ്‌ലിമീങ്ങൾക്കെതിരിൽപ്രകോപിതരാക്കിയതിനുശേഷം ഹിർഖൽ ഡമാസ്കസിലെത്തി. അവിടെനിന്ന് ഹിംസിലും അൻത്വാക്കിയാ(Antioche)യിലുമെത്തി. ഫലസ്തീനെപോലെ ഈ പ്രദേശങ്ങളിലും അയാൾ ആവേശഭരിതമായ പ്രഭാഷണങ്ങൾ നടത്തി അവിടെയുള്ള ജനങ്ങളെയും മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിന് പ്രേരിപ്പിച്ചു. അൻത്വാക്കിയാ(Antioche)യെ തന്റെ കേന്ദ്രമാക്കി മുസ്‌ലിമീങ്ങളെ നേരിടാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹൈക്കിൽ, പേജ് 347, പരിഭാഷ, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി, ഇൽമ് വ ഇർഫാൻ പബ്ലിഷേഴ്സ്, ലാഹോർ 2004)*

റോമക്കാർക്ക് സിറിയയിൽ രണ്ടു സൈന്യങ്ങളുണ്ടായിരുന്നു. ഒന്ന് ഫലസ്തീനിലും മറ്റൊന്ന് അൻത്വാക്കിയായിലും. ഈ രണ്ടു സൈന്യങ്ങളും താഴെ ചേർക്കുന്ന സ്ഥലങ്ങളിൽ തങ്ങളുടെ കേന്ദ്രം തയ്യാറാക്കിയിരുന്നു.

ഒന്ന്: അൻത്വാക്കിയാ. ഇത് റോമൻ സാമ്രാജ്യ കാലത്ത് സിറിയയുടെ തലസ്ഥാനമായിരുന്നു. രണ്ട്: ഖിന്നസ്രീൻ. ഇത് സിറിയയുടെ അതിർത്തിയാണ്. വടക്ക് പടിഞ്ഞാറ് പേർഷ്യയുടെ ഭാഗത്താണുള്ളത്. മൂന്നാമത്തേത് ഹിംസ് ആണ്. ഇത് വടക്ക് കിഴക്ക് ഭാഗത്ത് പേർഷ്യയുടെ അതിർത്തിയിലുള്ള പ്രദേശമാണ്. നാലാമത്തേത് ഒമാൻ ആകുന്നു. ഇത് ബൽഖാഅന്റെ തലസ്ഥാന മാണ്. ഇവിടെ ശക്തമായ സുരക്ഷിത കോട്ടകളുണ്ട്. അഞ്ചാമത്തേത് അജ്നാദയ്ൻ ആകുന്നു. ഇത് ഫലസ്തീനിന്റെ തെക്കു ഭാഗത്തുള്ള റോമിന്റെ സൈനിക കേന്ദ്രമാണ്. അത് അറേബ്യയുടെ കിഴക്കും പടിഞ്ഞാറുമുള്ള അതിർത്തികളും ചുറ്റുപാടും ഈജിപ്തുമായി ചേർന്ന് കിടക്കുന്നു. ആറാമത്തേത് ഖയ്സാരിയ്യ ആകുന്നു. ഇത് ഫലസ്തീനിന്റെ വടക്ക് ഹയ്ഫായിൽനിന്ന് പതിമൂന്ന് കിലോമീറ്റർ അപ്പുറത്താണ്. അതിന്റെ ചരിത്രാവശിഷ്ടങ്ങൾ ഇന്നും ബാക്കിയുണ്ട്. റോമൻ ഹൈക്കമാൻഡിന്റെ കേന്ദ്രം അൻത്വാക്കിയായോ ഹിംസോ ആയിരുന്നു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ മുത്തർജിം ഉർദു, പേജ് 450, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

ഒരു നിവേദനത്തിൽ ഇങ്ങനെയും കാണപ്പെടുന്നു. ഇസ്‌ലാമിക സൈന്യങ്ങൾ വരുന്നുണ്ടെന്നറിഞ്ഞപ്പോൾ ഹിർഖൽ ആദ്യം തന്റെ ജനതയെ യുദ്ധത്തിൽനിന്ന് വിട്ടുനിൽക്കാനാണ് ഉപദേശിച്ചത്. നിങ്ങൾ മുസ്‌ലിമീങ്ങളുമായി രഞ്ജിപ്പിലെത്തുക. ദൈവത്താണ! നിങ്ങൾ അവരുമായി സിറിയയിലെ പകുതി ഉത്പന്നങ്ങളുടെ കാര്യത്തിൽ രഞ്ജിപ്പിലെത്തുകയാണെങ്കിൽ നിങ്ങളുടെ പക്കൽ പകുതി ഉത്പന്നങ്ങളും റോമൻ പ്രദേശങ്ങളും നിലനിൽക്കുന്നത് അവർ മുഴുവൻ റോമൻ പ്രദേശങ്ങളിലോ റോമിന്റെ പകുതി പ്രദേശങ്ങളിലോ ആധിപത്യം സ്ഥാപിക്കുന്നതിനേക്കാൾ നിങ്ങൾക്ക് ഗുണകരമായിരിക്കും. പക്ഷേ, റോമക്കാർ എഴുന്നേറ്റു പോകുകയും അവർ അയാൾ പറഞ്ഞത് അനുസരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. അയാൾ അവരെ ഒരുമിച്ചുകൂട്ടി ഹിംസിലേക്ക് കൊണ്ടുപോയി. അവിടെ അയാൾ സൈന്യങ്ങളെ തയ്യാറാക്കി തുടങ്ങി. ഹിംസിന് ശേഷം ഹിർഖൽ അൻത്വാക്കിയായിലേക്ക് പോയി. അയാളുടെ പക്കൽ ധാരാളം സൈന്യമുണ്ടായിരുന്നു. അതുകൊണ്ട് മുസ്‌ലിമീങ്ങളുടെ ഓരോ സൈന്യത്തെയും നേരിടാൻ വെവ്വേറെ സൈന്യങ്ങളെ അയക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ മുസ്‌ലിമീങ്ങളുടെ സൈന്യത്തിന്റെ ഓരോ ഭാഗത്തെയും ദുർബലമാക്കാമെന്നാണ് അയാൾ കരുതിയത്. അയാൾ തന്റെ സഹോദരനായ തദാരിഖിനെ തൊണ്ണൂറായിരം സൈനികരുമായി ഹദ്റത്ത് അംറിനെ നേരിടാൻ അയച്ചു. ജറാജഹ് ബിൻ തൂദർനെ ഹദ്റത്ത് യസീദ് ബിൻ അബി സുഫ്യാനെ നേരിടാൻ അയച്ചു. ഖയ്ഖാർ ബിൻ നസ്ത്വൂസിനെ അറുപതിനായിരം സൈന്യത്തോടൊപ്പം ഹദ്റത്ത് അബു ഉബയ്ദക്കെതിരിൽ പറഞ്ഞയച്ചു. ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസനയെ നേരിടാൻ ദുറാഖിസിനെയാണ് അയച്ചത്. *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 255, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2006)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, ഹയ്ക്കിൽ പേജ് 347)*

ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ്(റ) ജാബിയ എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ അദ്ദേഹത്തിനടുത്ത് ഒരാൾ സന്ദേശവുമായി വന്ന് പറഞ്ഞു: ഹിർഖൽ അൻത്വാക്കിയായിലുണ്ട്. അയാൾ നിങ്ങളെ നേരിടാൻ ഒരു വലിയ സൈന്യത്തെ തയ്യാറാക്കിയിരിക്കുന്നു. ഇതിനുമുമ്പേ അത്തരം ഒരു സൈന്യത്തെ അയാളുടെ പൂർവ പിതാക്കന്മാർ ആരും തന്നെ നിങ്ങൾക്ക് മുമ്പേയുള്ള ജനതകളെ നേരിടാൻ തയ്യാറാക്കിയിട്ടില്ല. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ന് ഹദ്റത്ത് അബുഉബയ്ദ(റ) ഇപ്രകാരം കത്തെഴുതി: 'റോമൻ ചക്രവർത്തി ഹിർഖൽ സിറിയയിലെ ഒരു പ്രദേശമായ അൻത്വാക്കിയായിലുണ്ടെന്ന് എനിക്കറിയാൻ കഴിഞ്ഞിരിക്കുന്നു. അവിടെ ഇരുന്നുകൊണ്ട് അയാൾ തന്റെ സാമ്രാജ്യത്തിലെ ജനങ്ങൾക്കിടയിലേക്ക് ആളുകളെ പറഞ്ഞയക്കുകയും ജനങ്ങളെ സംഘടിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അങ്ങനെ ജനങ്ങൾ പ്രയാസമുള്ളതും എളുപ്പമുള്ളതുമായ വഴികളിലൂടെ ഒക്കെ ഹിർഖലിന്റെ അടുത്ത് വന്നു കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് ഈ കാര്യങ്ങളെ കുറിച്ച് താങ്കൾക്ക് അറിയിപ്പ് നൽകുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു.' ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് അബുഉബയ്ദക്ക് എഴുതിയ

മറുപടി കത്തിൽ എഴുതി: 'എനിക്ക് നിങ്ങളുടെ കത്ത് കിട്ടി. നിങ്ങൾ റോമൻ ചക്രവർത്തി ഹിർഖലിനെ കുറിച്ചെഴുതിയ കാര്യങ്ങൾ എനിക്ക് മനസ്സിലായി.' തുടർന്ന് പറഞ്ഞു: 'അൻത്വാക്കിയാ(Antioche)യിൽ അയാൾ താമസിക്കുന്നതുകൊണ്ട് അയാൾക്കും അയാളുടെ കൂട്ടുകാർക്കും പരാജയവും അതിൽ അല്ലാഹുവിൽനിന്ന് നിങ്ങൾക്കും മുസ്‌ലിമീങ്ങൾക്കും വിജയവുമാണ് ഉണ്ടാകുക. പരിഭ്രമിക്കേണ്ട ഒരു കാര്യവും ഇല്ല. നിങ്ങൾ കത്തിൽ ഹിർഖൽ തന്റെ സാമ്രാജ്യത്തിലെ ആളുകളെ ഒരുമിച്ചുകൂട്ടുന്നുവെന്നും ധാരാളമാളുകൾ ഒരുമിച്ച് കൂടുന്നുവെന്നും എഴുതിയിട്ടുണ്ട്. അയാൾ അങ്ങനെ ചെയ്യുന്നതാണെന്ന് നമുക്ക് നിങ്ങളെക്കാൾ മുന്നേ അറിയാം. കാരണം ഒരു ജനതക്കും യുദ്ധം കൂടാതെ തങ്ങളുടെ രാജാവിനെ ഉപേക്ഷിക്കാനോ തങ്ങളുടെ രാജ്യം വിടാനോ സാധ്യമല്ല. പിന്നെ നിങ്ങൾ എഴുതുന്നു: അൽഹംദുലില്ലാഹ്! അവരുമായി പൊരുതുന്ന നിരവധി മുസ്‌ലിമീങ്ങൾ ശത്രുക്കൾ ജീവിതത്തെ സ്നേഹിക്കുന്നതിനേക്കാളുപരി മരണത്തെ സ്നേഹിക്കുന്നവരാണ്. അവർ തങ്ങളുടെ യുദ്ധത്തിൽ അല്ലാഹുവിൽനിന്ന് മഹത്തായ പ്രതിഫലം കാംക്ഷിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുന്നത് എതിരാളികൾ തരുണീമണികളെയും വിലപിടിപ്പുള്ള സാമഗ്രികളെയും ഇഷ്ടപെടുന്നതിനേക്കാൾ ഉപരിയായി ഇഷ്ടപെടുന്നതാണ്. അവരിലുള്ള ഓരോ മുസ്‌ലിമും യുദ്ധ സമയത്ത് ആയിരക്കണക്കിന് മുശ്‌രിക്കീങ്ങളെക്കാളും ഉത്തമരായിരിക്കും. നിങ്ങൾ സൈന്യവുമായി അവരോട് പൊരുതുക. നിങ്ങളിൽനിന്ന് അപ്രത്യക്ഷരായിട്ടുള്ള മുസ്‌ലിമീങ്ങളെ കുറിച്ച് നിങ്ങൾ അസ്വസ്ഥരാകേണ്ടതില്ല. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ വളരെ വലുതാകുന്നു. അവൻ നിങ്ങളോടൊപ്പമുണ്ട്. അതോടൊപ്പം നിങ്ങളെ സഹായിക്കാൻ വേണ്ടി ഞാൻ വേറെയും ആളുകളെ അയക്കുന്നുണ്ട്. അതായത് ഞാൻ സൈന്യത്തെ അയക്കുന്നുണ്ട്. അത് നിങ്ങൾക്ക് മതിയാകുന്നതാണ്. അതിലും കൂടുതൽ വേണമെന്ന് ഇൻശാ അല്ലാഹ് നിങ്ങൾക്ക് ആഗ്രഹമുണ്ടാകുന്നതല്ല. വസ്സലാം. *(താരീഖുൽ ഖുമയ്സ്, വാള്യം 3, പേജ് 212-213, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

അതുപോലെതന്നെ ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ കത്തും ഹദ്റത്ത് അബൂബക്ർ(റ)ന് ലഭിച്ചു. ഹദ്റത്ത് അബൂബക്ർ(റ) അതിന് മറുപടി കൊടുത്തുകൊണ്ട് എഴുതി: നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചു. അതിൽ നിങ്ങൾ റോമക്കാരുടെ സൈന്യം ഒരുമിച്ച് കൂടുന്നതിനെ കുറിച്ച് പരാമർശിച്ചിരുന്നു. ഓർക്കുക! അല്ലാഹു തന്റെ നബി(സ)തിരുമേനി മുഖേന സൈന്യത്തിന്റെ ആധിക്യം കാരണമല്ല നമുക്ക് വിജയങ്ങൾ നൽകിയത്. നമ്മുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ ജിഹാദ് ചെയ്തിരുന്നു. ഞങ്ങളുടെ പക്കൽ രണ്ടു കുതിരകളാണ് ഉണ്ടായിരുന്നത്. ഒട്ടകത്തിന്മേലും ഞങ്ങൾ ഊഴമിട്ടാണ് യാത്ര ചെയ്തിരുന്നത്. ഉഹുദു യുദ്ധദിവസം ഞങ്ങൾ നബി(സ)തിരുമേനിയുടെകൂടെ ഉണ്ടായിരുന്നു. ഞങ്ങളുടെ പക്കൽ ഒരു കുതിര മാത്രമാണുണ്ടായിരുന്നത്. അതിലാണ് നബി(സ)തിരുമേനി യാത്ര ചെയ്തിരുന്നത്. പക്ഷേ, എന്നിട്ടും അല്ലാഹു ഞങ്ങൾക്ക് ശത്രുക്കളുടെമേൽ വിജയം നൽകി. ഞങ്ങളെ സഹായിക്കുകയും ചെയ്തു.' അദ്ദേഹം പറഞ്ഞു: അംറേ! ഓർക്കുക. അല്ലാഹുവിനെ ഏറ്റവും കൂടുതൽ അനുസരിക്കുന്നവൻ തിന്മയെ ഏറ്റവും കൂടുതൽ വെറുക്കുന്നവനാകുന്നു. സ്വയം അല്ലാഹുവിനെ അനുസരിക്കുന്നതോടൊപ്പം തന്റെ സുഹൃത്തുക്കളോടും അല്ലാഹുവിനെ അനുസരിക്കാൻ ഉപദേശിക്കുക.*(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ മുത്തർറജിം പേജ് 452-453, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് പാക്കിസ്താൻ)*

ഹദ്റത്ത് യസീദ് ബിൻ അബി സുഫ്യാനും ഹദ്റത്ത് അബൂബക്ർ(റ)ന് കത്തയച്ചുകൊണ്ട് അവിടെയുണ്ടായിരുന്ന അവസ്ഥകളെ കുറിച്ചെഴുതുകയും സഹായം അഭ്യർഥിക്കുകയും ചെയ്തിരുന്നു. അതിനുള്ള മറുപടിയിൽ ഹദ്റത്ത് അബൂബക്ർ(റ) ഇങ്ങനെ എഴുതി: 'നിങ്ങൾക്ക് അവരുമായി ഏറ്റുമുട്ടേണ്ടി വരുമ്പോൾ തന്റെ കൂട്ടാളികളുമായി അവർക്കെതിരിൽ ഒന്നിച്ച് പൊരുതുക. അവരോട് യുദ്ധം ചെയ്യുക. അല്ലാഹു നിങ്ങളെ നിന്ദ്യരാക്കുന്നതല്ല. അല്ലാഹു നമുക്ക് അറിയിപ്പ് തന്നതെന്തെന്നാൽ അല്ലാഹുവിന്റെ കൽപനയാൽ ചെറിയ സംഘങ്ങൾ വലിയ സംഘങ്ങൾക്കുമേൽ ആധിപത്യം പുലർത്തുന്നതാണ്. ഇതൊക്കെയാണെങ്കിലും നിങ്ങളെ സഹായിക്കുന്നതിനുവേണ്ടി വീണ്ടും ഞാൻ യോദ്ധാക്കളെ അയക്കുന്നതാണ്. അവർ നിങ്ങളെ സംബന്ധിച്ചിടത്തോളം മതിയാകുന്നതാണ്. അതിലധികം വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതല്ല. ഇൻശാ അല്ലാഹ്. വസ്സലാം. അതിൽ ഹദ്റത്ത് അബൂബക്ർ(റ) ഒപ്പുവെക്കുകയും ചെയ്തു.

ഹദ്റത്ത് അബൂബക്ർ(റ) ഈ കത്ത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖുർത്വിന് ഹദ്റത്ത് യസീദിന്റെ ഭാഗത്ത് എത്തിക്കുന്നതിനുവേണ്ടി കൊടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് അവിടത്തെ കത്ത് വാങ്ങി പുറപ്പെട്ടു. അങ്ങനെ ഹദ്റത്ത് യസീദിന്റെ അടുത്തെത്തി. ഈ കത്ത് മുസ്‌ലിമീങ്ങൾക്ക് മുന്നിൽ വായിച്ചു. അപ്പോൾ മുസ്‌ലിംമീങ്ങൾ ഏറെ സന്തോഷഭരിതരായി. *(താരീഖുൽ ഖുമയ്സ്, വാള്യം 3, പേജ് 213, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2009)*

ഹദ്റത്ത് അബൂബക്ർ(റ), ഹാശിം ബിൻ ഉത്ബയെ വിളിപ്പിച്ചു. അദ്ദേഹത്തോട് പറഞ്ഞു: 'ഹാശിമേ! നിങ്ങളുടെ സൗഭാഗ്യമെന്തെന്നാൽ നിങ്ങൾ ഉമ്മത്തിൽ തങ്ങളുടെ ശത്രുക്കളായ മുശ്‌രിക്കീങ്ങൾക്കെതിരിൽ ജിഹാദിൽ സഹായിക്കുന്നവരിൽപെട്ട ആളാകുന്നു. നിങ്ങളുടെ നന്മയിലും അഭിപ്രായത്തിലും പരിശുദ്ധിയിലും യുദ്ധ നൈപുണ്യത്തിലും ഭരണകർത്താവിനു ഉറച്ച വിശ്വാസവും പ്രതീക്ഷയുമുണ്ട്. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തെ സൈന്യത്തെ തയ്യാറാക്കുന്നതിനുവേണ്ടി അയക്കുമ്പോൾ അദ്ദേഹത്തോട് പറഞ്ഞു: 'മുസ്‌ലിമീങ്ങൾ എനിക്ക് കത്തയച്ചുകൊണ്ട് ശത്രുക്കൾക്കെതിരിൽ പോരാടുന്നതിന് സഹായമഭ്യർഥിച്ചിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ സുഹൃത്തുക്കളെയുംകൂട്ടി അവരുടെ അടുക്കൽ പോകുക. ഞാൻ നിങ്ങളോടൊപ്പം പുറപ്പെടുവാൻ ആളുകളെ തയ്യാറാക്കുകയാണ്. നിങ്ങൾ ഉടനെ പുറപ്പെടുക.അങ്ങനെ അബു ഉബയ്ദയുടെ അടുക്കലെത്തുക. ഹദ്റത്ത് അബൂബക്ർ(റ) ജനങ്ങൾക്കിടയിൽനിന്ന് അല്ലാഹുവിനെ പ്രകീർത്തിച്ചു കൊണ്ട് പറഞ്ഞു: അമ്മാബഅദ്, തീർച്ചയായും നിങ്ങളുടെ മുസ്‌ലിംസഹോദരങ്ങളിൽ കുറച്ചുപേർ സുഖത്തിലാണുള്ളത്. കുറച്ച് പേർക്ക് പരിക്കേറ്റിട്ടുണ്ട്. അവർക്ക് പ്രതിരോധത്തിനുള്ള കാര്യങ്ങൾ ചെയ്തു വരുന്നു. അവർക്ക് സംരക്ഷണം നൽകി വരുന്നുണ്ട്. അല്ലാഹു ശത്രുക്കളുടെ ഹൃദയങ്ങളിൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഭയം ഉളവാക്കിയിരിക്കുന്നു. അവർ തങ്ങളുടെ കോട്ടകളിൽ അഭയം പ്രാപിച്ച് അതിന്റെ വാതിലുകൾ അടച്ച് വെച്ചിരിക്കുകയാണ്.

മുസ്‌ലിം സന്ദേശ വാഹകർ നൽകിയ സന്ദേശമെന്തെന്നാൽ, റോമൻ ചക്രവർത്തി ഹിർഖൽ അവരുടെ മുന്നിലൂടെ ഓടിപ്പോകുകയും സിറിയയിലെ ഒരു കോണിലുള്ള സ്ഥലത്ത് അഭയം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. അവർ നമുക്കെഴുതിയ സന്ദേശങ്ങളിൽ പറയുന്നു: 'ഹിർഖൽ അവിടെ ഇരുന്നുകൊണ്ട് ഒരു വൻസൈന്യത്തെ മുസ്‌ലിമീങ്ങൾക്കെതിരിൽ പറഞ്ഞു വിട്ടിരിക്കുന്നു. ഞാൻ ആഗ്രഹിക്കുന്നത് നിങ്ങളുടെ മുസ്‌ലിംസഹോദരങ്ങളെ സഹായിക്കുന്നതിന് നിങ്ങളുടെ ഒരു സൈന്യത്തെ അയക്കണമെന്നാണ്. അല്ലാഹു അതു മുഖേന അവർക്ക് ശക്തമായ പിൻബലം നൽകുന്നതായിരിക്കും. അതായത് ഈ സൈന്യം മുഖേന മുസ്‌ലിംകൾക്ക് പിൻബലം കിട്ടുന്നതാണ്. ശത്രുക്കളെ നിന്ദ്യരാക്കുന്നതുമാണ്. അവരുടെ ഹൃദയാന്തരങ്ങളിൽ ഭയമുളവാക്കുന്നതാണ്. അല്ലാഹു നിങ്ങൾക്കുമേൽ കരുണ ചെയ്യുമാറാകട്ടെ. നിങ്ങൾ ഹാശിം ബിൻ ഉത്ബയോടൊപ്പം തയ്യാറാകുക. അല്ലാഹുവിൽനിന്ന് പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയിക്കുകയാണെങ്കിൽ വിജയവും സമരാർജിത സ്വത്തുക്കളും ലഭിക്കുന്നതായിരിക്കും. ഇനി കൊല്ലപ്പെടുകയാണെങ്കിലോ ശഹാദത്തും കറാമത്തും ലഭ്യമാകും.

ഹദ്റത്ത് അബൂബക്ർ(റ) തന്റെ വീട്ടിലേക്ക് വന്നു. ജനങ്ങൾ ഹാശിം ബിൻ ഉത്ബയുടെ ചുറ്റുംകൂടി. അവരുടെ എണ്ണം വർധിച്ച് കൊണ്ടിരുന്നു. അത് ആയിരമായപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോട് പുറപ്പെടാൻ കൽപിച്ചു. ഹാശിം, ഹദ്റത്ത് അബൂബക്ർ(റ)നോട് സലാം പറയുകയും വിട ചോദിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോടു പറഞ്ഞു: ഹാശിമേ! വലിയ വൃദ്ധന്മാരുടെ അഭിപ്രായങ്ങളും നല്ല തന്ത്രങ്ങളും ഞങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. യുവാക്കളുടെ ക്ഷമയിലും സ്ഥൈര്യത്തിലും

പ്രതീക്ഷയുമുണ്ടായിരുന്നു. അല്ലാഹു നിങ്ങൾക്കുള്ളിൽ ഈ എല്ലാ സൽഗുണങ്ങളും സന്നിവേശിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഇപ്പോൾ യുവാവും നന്മയിൽ ഉയരുന്ന ആളുമാകുന്നു.

ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ ഉറച്ചുനിന്ന് പൊരുതുക. ക്ഷമ പ്രകടിപ്പിക്കുക. ഓർക്കുക! അല്ലാഹുവിന്റെ മാർഗത്തിൽ ഉയർത്തുന്ന ഓരോ ചുവടും അവന്റെ മാർഗത്തിൽ ചെയ്യുന്ന ഓരോ ചെലവും ആ വഴിയിൽ ഉണ്ടാകുന്ന ദാഹത്തിന്റേയും വിശപ്പിന്റേയും പരവശതകൾക്കും പകരമായി അല്ലാഹു നിങ്ങളുടെ കർമപുസ്തകത്തിൽ നന്മകൾ രേഖപ്പെടുത്തുന്നതാണ്. അല്ലാഹു നന്മ ചെയ്യുന്നവരുടെ പ്രതിഫലം നഷ്ടപ്പെടുത്തുന്നതല്ല.'

ഹാശിം പറഞ്ഞു: 'അല്ലാഹു എനിക്ക് നന്മയാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ ഇങ്ങനെയൊക്കെ തന്നെ ചെയ്യുന്നതാണ്. എല്ലാ ശക്തിയും കഴിവും അല്ലാഹു തന്നെയാണ് നൽകുന്നത്. ഞാൻ പ്രതീക്ഷിക്കുന്നത് ഞാൻ കൊല്ലപെടുന്നില്ലെങ്കിൽ അവരുമായി പൊരുതുന്നതായിരിക്കും. കൂടെക്കൂടെ പൊരുതുന്നതാണ്.' തുടർന്ന് പറഞ്ഞു: 'ഞാൻ പ്രതീക്ഷിക്കുന്നത്, ഞാൻ കൊല്ലപെടുന്നില്ലെങ്കിൽ ഞാൻ അവരുമായി കൂടെക്കൂടെ യുദ്ധം ചെയ്യുമെന്നാണ്. അദ്ദേഹം ഇങ്ങനെയും പറഞ്ഞു: ഞാൻ കൊല്ലപ്പെടണമെന്നും വീണ്ടും വീണ്ടും കൊല്ലപ്പെടണമെന്നും ആഗ്രഹിക്കുന്നു. ഇങ്ങനെ രണ്ടു നിവേദങ്ങളുണ്ട്. തുടർന്ന് അദ്ദേഹത്തോട് അദ്ദേഹത്തിന്റെ പിതൃവ്യൻ ഹദ്റത്ത് സഅ്ദ് ബിൻ വഖാസ് പറഞ്ഞു: അല്ലയോ സഹോദര പുത്രാ! നീ തൊടുത്തുവിടുന്ന ഓരോ ശരവും അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമായിരിക്കണം. ഓർക്കുക! നിങ്ങൾ ഉടൻതന്നെ ഈ ലോകം വിട്ട് പോകുന്നതാണ്. ഉടൻ അല്ലാഹുവിലേക്ക് തിരിച്ച് പോകുന്നതാണ്. ഈ ലോകം മുതൽ പരലോകം വരെയും നിങ്ങൾ ഉയർത്തുന്ന ഓരോ ചുവടും സത്യത്തിന്റേതായിരിക്കും. അഥവാ നിങ്ങളുടെ കർമങ്ങൾ, സൽകർമങ്ങളായിരിക്കും.' ഹാശിം പറഞ്ഞു: 'പിതൃവ്യാ! താങ്കൾ എന്നെ സംബന്ധിച്ച് തികച്ചും നിർഭയനായിരിക്കുക. എന്റെ താമസവും യാത്രയും പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള നീക്കങ്ങളും പരിശ്രമങ്ങളും സൈനിക മുന്നേറ്റങ്ങളും അമ്പെയ്യുന്നതും വാൾ ചുഴറ്റുന്നതും ജനങ്ങളെ കാണിക്കാൻ വേണ്ടിയാണെങ്കിൽ ഞാൻ നഷ്ടപെട്ടവരിൽ പെട്ടുപോകുന്നതാണ്. അതായത് എന്റെ ഓരോ കർമവും അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കും. ജനങ്ങൾക്കുവേണ്ടി ആയിരിക്കുകയില്ല. തുടർന്ന് അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽനിന്ന് പുറപ്പെട്ടു. ഹദ്റത്ത് അബുഉബയ്ദയുടെ വഴിയിലൂടെ സഞ്ചരിച്ച് അദ്ദേഹത്തിന്റെ അടുക്കലെത്തി. അദ്ദേഹത്തിന്റെ വരവിൽ മുസ്ലിമീങ്ങൾ സന്തോഷിക്കുയും പരസ്പരം അദ്ദേഹത്തിന്റെ വരവിൽ സുവാർത്ത അറിയിക്കുകയും ചെയ്തു.

ഹദ്റത്ത് സയീദ് ബിൻ ആമിർ ബിൻ ഹിസ്യമിന്, ഹദ്റത്ത് അബുബക്ർ(റ) അദ്ദേഹത്തെ സിറിയയിലെ യുദ്ധത്തിനു വേണ്ടി അയക്കാൻ ആഗ്രഹിക്കുന്നുവെന്ന അറിയിപ്പ് കിട്ടുകയുണ്ടായി. ഹദ്റത്ത് അബുബക്ർ(റ) ഇങ്ങനെ മറ്റൊരു സൈന്യത്തെകൂടി തയ്യാറാക്കാൻ ആഗ്രഹിക്കുകയായിരുന്നു. ഹദ്റത്ത് സയീദ്, അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരിക്കും ഇതെന്ന് കരുതി. ഏതായിരുന്നാലും അദ്ദേഹത്തിന് അറിയിപ്പുകിട്ടി. എന്നാൽ, ഹദ്റത്ത് അബുബക്ർ(റ) കാലവിളംബം വരുത്തുകയും അദ്ദേഹത്തോട് അതെ കുറിച്ച് പറയാതിരിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് സയീദ്, ഹദ്റത്ത് അബുബക്ർ(റ)ന്റെ സവിധത്തിലെ ത്തി പറഞ്ഞു. അല്ലയോ അബുബക്ർ! അല്ലാഹുവാണ, താങ്കളെന്നെ റോമക്കാർക്കെതിരിൽ അയക്കാൻ ആഗ്രഹിക്കുന്നുവെന്ന് എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു. പക്ഷേ, താങ്കൾ മൗനം ദീക്ഷിക്കുന്നതായിട്ടാണ് കാണുന്നത്. താങ്കളുടെ ഹൃദയത്തിൽ എന്നെ കുറിച്ച് എന്ത് ചിന്ത വന്നു എന്നെനിക്കറിയില്ല. താങ്കൾ എനിക്ക് പകരം മറ്റാരെയെങ്കിലുമാണ് അമീർ ആക്കുന്നതെങ്കിൽ എന്നെയും അദ്ദേഹത്തോടൊപ്പം അയച്ചാലും. എനിക്ക് അതിനേക്കാൾ വലിയ സന്തോഷമുണ്ടായിരിക്കുകയില്ല. ഇനി താങ്കൾ ആരെയും അയക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ എനിക്ക് ജിഹാദിനുള്ള താൽപര്യമുണ്ട്. താങ്കൾ മുസ്ലിമീങ്ങളോടു കൂടിച്ചേരുന്നതിന് എനിക്ക് അനുമതി നൽകിയാലും. അല്ലാഹു താങ്കൾക്ക് മേൽ കരുണ ചെയ്യുമാറാകട്ടെ. റോമക്കാരുടെ വലിയ സൈന്യം ഒരുമിച്ച് കൂടുന്നുവെന്ന് എനിക്ക് മുന്നിൽ പരാമർശിക്കപ്പെടുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: അല്ലയോ സയീദ് ബിൻ ആമിറേ! കരുണ ചൊരിയുന്നവരിൽ ഏറ്റവും കൂടുതൽ കരുണ ചൊരിയുന്ന അല്ലാഹു താങ്കളുടെമേൽ കരുണ ചൊരിയുമാറാകട്ടെ. എനിക്ക് താങ്കളെ അറിയാം. താങ്കൾ വിനയം കാണിക്കുന്നവനും കുടുംബ ബന്ധങ്ങൾ നില നിറുത്തുന്നവനും അതിരാവിലെ തഹജ്ജുദ് അനുഷ്ഠിക്കുന്നവനും ധാരാളമായി ദൈവ സ്മരണ ചെയ്യുന്നവരിൽ ഉൾപെടുന്നവനുമാകുന്നു.'

അപ്പോൾ ഹദ്റത്ത് സയീദ്(റ)പറഞ്ഞു: 'അല്ലാഹു താങ്കളോട് കരുണ കാണിക്കുമാറാകട്ടെ. ഈ പറഞ്ഞതിനേക്കാളെല്ലാം അധികം എനിക്കുമേൽ അല്ലാഹുവിന്റെ ഔദാര്യമുണ്ട്. അവന്റെ തന്നെ അനുഗ്രഹവും ഔദാര്യവുമാണുള്ളത്. അല്ലാഹുവാണ! ഞാൻ താങ്കളെ അറിഞ്ഞിടത്തോളം താങ്കൾ സത്യം തുറന്നു പറയുന്നയാളും നീതിയോടൊപ്പം ഉറച്ച് നിൽക്കുന്നയാളും മുഅ്മിനീങ്ങളോട് കരുണ ചൊരിയുന്നയാളും ശത്രുക്കൾക്കെതിരിൽ വളരെ കാഠിന്യം കാണിക്കുന്നയാളുമാകുന്നു. താങ്കൾ നീതിപൂർവം തീരുമാനങ്ങളെടുക്കുന്നു. സമ്പത്ത് വിതരണം ചെയ്യുമ്പോൾ ആർക്കും പ്രത്യേക പരിഗണന നൽകുന്നില്ല.' അപ്പോൾ ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: 'സയീദേ! നിറുത്തൂ. അല്ലാഹു നിങ്ങൾക്കുമേൽ കരുണ ചൊരിയുമാറാകട്ടെ. പോകൂ! യുദ്ധത്തിനുവേണ്ടി തയ്യാറാകൂ! ഞാൻ സിറിയയിലുള്ള മുസ്ലിമീങ്ങളുടെ അടുക്കൽ ഒരു സൈന്യത്തെ അയക്കുന്നു. അവർക്കുമേൽ നിങ്ങളെയാണ് അമീറായി നിശ്ചയിക്കുന്നത്.' തുടർന്ന് അദ്ദേഹം ഹദ്റത്ത് ബിലാലിനോട് മുസ്ലിമീങ്ങൾക്കിടയിൽ വിളംബരം ചെയ്യാൻ കൽപിച്ചു. അദ്ദേഹം ഇങ്ങനെ വിളംബരപെടുത്തി: 'മുസ്ലിമീങ്ങളേ! ഹദ്റത്ത് സയീദ് ബിൻ ആമിർ ബിൻ ഹിദയ്മിനോടൊപ്പം സിറിയയിലെ യുദ്ധത്തിനുവേണ്ടി തയ്യാറാകുക. ഏതാനും ദിവസങ്ങൾക്കകം തന്നെ എഴുന്നൂറാളുകൾ അതിന് തയ്യാറായി. ഹദ്റത്ത് സയീദ് പുറപ്പെടാൻ തീരുമാനിച്ചപ്പോൾ ഹദ്റത്ത് ബിലാൽ, ഹദ്റത്ത് അബുബക്ർ(റ)ന്റെ സവിധത്തിലെത്തി പറഞ്ഞു:'അല്ലയോ ഖലീഫത്തുർറസൂൽ! താങ്കൾ എനിക്ക് എന്റെ ആത്മാവിനുമേൽ ഉടമസ്ഥാവകാശവും നന്മയിലേക്ക് നീങ്ങാൻ സ്വാതന്ത്ര്യവും തന്നുകൊണ്ടാണ് അല്ലാഹുവിനുവേണ്ടി എന്നെ മോചിപ്പിച്ചതെങ്കിൽ എനിക്ക് എന്റെ റബ്ബിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാൻ അനുമതി നൽകിയാലും. എനിക്ക് ഒരുഭാഗത്ത് ഇരിക്കുന്നതിനേക്കാൾ ഇഷ്ടം ജിഹാദ് ചെയ്യുന്നതാണ്.'

ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: അല്ലാഹു സാക്ഷി! ഞാൻ താങ്കളെ ഈ കാര്യത്തിനുവേണ്ടിത്തന്നെയാണ് സ്വാതന്ത്രനാക്കിയത്. ഞാൻ അതിന് പകരമായി താങ്കളിൽനിന്ന് ഒരു പ്രതിഫലവും നന്ദിയും കാംക്ഷിക്കുന്നില്ല. ഈ ഭൂമി വളരെ വിശാലമാകുന്നു. അതിൽ താങ്കൾ ഇഷ്ടമുള്ള വഴിയിലൂടെ നീങ്ങിക്കൊള്ളുക. ഹദ്റത്ത് ബിലാൽ(റ) പറഞ്ഞു: 'അല്ലയോ സിദ്ദീഖേ! താങ്കൾ ഞാൻ പറഞ്ഞ കാര്യ

ശേഷം പേജ് 8 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(കഴിഞ്ഞ ലക്കം പേജ് 7 കോളം 1 ൽനിന്ന് തുടർച്ച)

യൂറോപ്യൻ പാർലമെന്റിന്റെ പ്രസിഡന്റ് ആദരണീയനായ മാർട്ടിൻ ഷുൾസ്(HON. MARTIN SCHULS) മൻസ്വൂർ മസ്ജിദിന്റെ ഉദ്ഘാടനത്തിനോടനുബന്ധിച്ച് തന്റെ സന്ദേശം അയച്ചു. ജർമൻ അമീർ സാഹിബ് പ്രസ്തുത സന്ദേശം വായിച്ചു കേൾപ്പിച്ചു:

'സമാദരണീയനായ ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്മദ്, ലോർഡ് മേയർ, വേദിയിൽ ഉപവിഷ്ഠരായ ആദരണീയരേ!

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മൻസ്വൂർ മസ്ജിദ് ഉദ്ഘാടനാവസരത്തിൽ നിങ്ങളോട് കുറച്ചു കാര്യങ്ങൾ പറയാൻ അവസരം ലഭിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. സ്വന്തം ഉത്തരവാദിത്വങ്ങളുടെ തിരക്കു കാരണത്താൽ എനിക്ക് ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചില്ല. മൻസ്വൂർ മസ്ജിദിന്റെ ഉദ്ഘാടനവും ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവിന്റെ അനുഗ്രഹീത സന്ദർശനവും യൂറോപ്പിൽ വിശാലഹൃദയത്തിന്റെ അപൂർണമായ വഴിയിൽ ഒരു സുപ്രധാന നാഴികക്കല്ലാണ്.

അഭിപ്രായ സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും യൂറോപ്പിന്റെ രാഷ്ട്രീയ മൂല്യങ്ങളിൽ ഗണിക്കപ്പെടുന്നു. ഈ മൂല്യങ്ങൾ മസ്ജിദ് മൻസ്വൂറിനെ ആഖൻ പട്ടണത്തിന്റെ മതപരമായ സ്ഥാപനങ്ങളിൽകൂടി ഉൾപ്പെട്ടാൽ ഇനിയും ദൃഢത കൈവരും.

ആഖൻ പട്ടണം 3 രാജ്യങ്ങളുടെ അതിർത്തി പങ്കിടുന്ന യൂറോപ്യൻ പട്ടണമാണ്. ഇവിടെ വിവിധ ഭൂമിശാസ്ത്രപരമായ അതിർത്തികളും മതങ്ങളുടെ വ്യത്യാസവും ഉണ്ടായിരിക്കെ ത്തന്നെ ഉദ്ഗ്രഥനത്തെ(INTEGRATION) മനസ്സിലാക്കുകയും കർമപരമായ ജീവിതത്തിൽ വാർത്തെടുക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ,ഈ സാഹചര്യം യൂറോപ്യൻ യൂണിയനിൽ എല്ലായിടത്തുമില്ല. ചില നെഗറ്റീവായ ചർച്ചകൾകൊണ്ട് സാമൂഹികമായ അഹങ്കാരത്തെ അതിരുകടന്ന നിലയിൽ മഹത്വവൽക്കരിക്കുന്ന കാരണത്താൽ പരസ്പരം ഭീതി സൃഷ്ടിക്കപ്പെടുന്നു. സമൂഹത്തെ അനിശ്ചിതാവസ്ഥയിലാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, സഹവർത്തിത്വത്തിലും പ്രത്യക്ഷമായ ആദരവിലും നിലകൊള്ളുന്ന സമൂഹമാണ് നമ്മൾ.

മൻസ്വൂർ മസ്ജിദിന്റെ ഉദ്ഘാടനവും അതോടനുബന്ധിച്ചുള്ള സാമൂഹികവും ധാർമികവുമായ സേവനങ്ങളും ആഖൻ പട്ടണത്തിന്റെ വിശാലഹൃദയത്തെ വെളിപ്പെടുത്തുന്നു. അഹ്മദിയ്യാ ജമാഅത്തിനു വേണ്ടിയും അതിലെ മിത്രങ്ങൾക്കു വേണ്ടിയും അവരുടെ ഭാവിക്കുവേണ്ടിയും ഭാവുകങ്ങൾ നേരുന്നു. എല്ലാ സഹോദരങ്ങൾക്കും അനുഗ്രഹാശിസ്സുകൾ നേരുന്നു.

അതിനുശേഷം 08.00 മണിക്ക് ഹുദൂർ വേദിയെ അഭിമുഖീകരിച്ച് അനുഗ്രഹ ഭാഷണം നടത്തി.

### ആഖനിലെ മൻസ്വൂർ മസ്ജിദിന്റെ ഉദ്ഘാടനവും ഹുദൂർ അൻവറിന്റെ പ്രഭാഷണവും

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയയ്ക്ക് ശേഷം ഹുദൂർ പറഞ്ഞു: ആദരണീയരായ എല്ലാ അതിഥികൾക്കും ആദ്യമായി അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലായുടെ ഉപഹാരം സമർപ്പിക്കുന്നു. അല്ലാഹു എല്ലാവർക്കും ശാന്തിയും സമാധാനവും എത്തിക്കുമാറാകട്ടെ. ഇതു തന്നെയാണ് നമ്മുടെ സന്ദേശം.

ഇവിടെ അതിഥികൾ 06.00 മണിക്കാണ് ക്ഷണിക്കപ്പെട്ടതെന്ന് അറിയാൻ കഴിഞ്ഞു. എനിക്കിവിടെ എത്തുന്നതിന് വളരെയധികം സമയമെടുത്തു. ഏകദേശം ഒരു മണിക്കൂറിൽ കൂടുതൽ സമയം നിങ്ങൾക്ക് എന്നെ പ്രതീക്ഷിച്ച് ഇരിക്കേണ്ടി വന്നു. ഇതിൽ നിങ്ങളോട് ക്ഷമ ചോദിക്കുന്നു. സംഘാടകർ എന്റെ യാത്രാ സമയത്തെ കണക്കാക്കി സമയം നല്കേണ്ടിയിരുന്നു. ഞാനിന്ന് രാവിലെ ലണ്ടനിൽനിന്നു പുറപ്പെട്ടതാണ്. റോഡു മാർഗമാണ് വന്നത്. ട്രെയിൻ യാത്രക്കുശേഷം മുന്നോട്ടുള്ള പാതയിലെ ട്രാഫിക്കും നീണ്ട യാത്രയും കാരണത്താൽ എനിക്ക് കൃത്യസമയത്ത് എത്താൻ സാധിച്ചില്ല. അതുകൊണ്ട് ആദ്യമായി താമസം നേരിട്ടതിൽ ക്ഷമ ചോദിക്കുന്നു.

ഇനി ഞാൻ മസ്ജിദ് ഉദ്ഘാടനത്തിനോടനുബന്ധിച്ചുള്ള വിഷയത്തിലേക്ക് വരികയാണ്. ഇവിടെ വിശുദ്ധ ഖുർആന് പാരായണം ചെയ്തു. ഇതിൽ പറയപ്പെട്ടത് ധൂർത്തടിക്കരുതെന്നാണ്. തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നാൽ, അതിരു കടക്കരുത്. നീതിയോടെ വർത്തിക്കുക. ഇത് മസ്ജിദിനോടു 'അനുബന്ധിച്ച് അല്ലാഹു നല്കിയിരിക്കുന്ന അധ്യാപനമാണ്. ദൈവം മനുഷ്യനെ കേവലം അന്നപാനീയത്തിനു വേണ്ടിയല്ല സൃഷ്ടിച്ചിട്ടുള്ളത്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത്, മൃഗങ്ങളും തിന്നുകയും കുടിക്കുകയും ചെയ്യുന്നു. മൃഗങ്ങളുടെ ഭക്ഷണത്തിലും മനുഷ്യന്റെ ഭക്ഷണത്തിലും വ്യത്യാസമുണ്ട്. ഭൗതികമായ ഫലം എടുക്കുന്നതിനു വേണ്ടിയാണ് അല്ലാഹു യഥാർഥത്തിൽ മനുഷ്യന് അന്നപാനീയങ്ങളുടെ അനുഗ്രഹങ്ങൾ നല്കിയിരിക്കുന്നത്. ലഭ്യമായ സൗകര്യങ്ങളിൽ നിന്നു ഫലമെടുക്കുക. എന്നാൽ, എല്ലാ കാര്യത്തിലും ഒരു സന്തുലിതാവസ്ഥ വേണ്ടതാണ്. സന്തുലിതാവസ്ഥ സൃഷ്ടിക്കേണ്ടത് ഒരു യഥാർഥ മനുഷ്യന്റെ പ്രവൃത്തിയാണ്. ഇക്കാര്യങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങളുടെ ശ്രദ്ധ ആരാധനയിലേക്കു തിരിയും. മസ്ജിദുകൾ ജനനിബിഡമാക്കുന്നതിലേക്കുള്ള വിചാരം നിലനില്ക്കും.അല്ലാഹു വിശുദ്ധ ഖുർആനിൽ നമുക്ക് നല്കുന്ന സുന്ദരമായ അധ്യാപനമാണിത്. ഭൗതികമായ കാര്യങ്ങളിൽനിന്നു തീർച്ചയായും ഫലമെടുക്കുക. എന്നാൽ, ഓർത്തിരിക്കുക, നിങ്ങളുടെ ലക്ഷ്യം ദൈവത്തെ ആരാധിക്കലും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിർ വഹിക്കലുമാണ്. അതുകൊണ്ട് ആവശ്യത്തിലും അധികമായി തന്റെ മേൽ ചെലവു ചെയ്യലും അമിതത്വം കാണിക്കലും മനുഷ്യനെ അല്ലാഹുവിൽനിന്നു അകറ്റുന്നു. കൂടാതെ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുന്നതിൽനിന്നു അകലേണ്ടിയും വരുന്നു.

ലോകത്ത് എണ്ണമറ്റ ദരിദ്രരുണ്ട്. ദരിദ്ര സമൂഹങ്ങളുണ്ട്. രോഗികളുണ്ട്. നിരവധി അടിസ്ഥാന ആവശ്യങ്ങളുള്ളവരുണ്ട്. വിദ്യ നേടാൻ ആഗ്രഹിക്കുന്നവരും നിരവധിയുണ്ട്. എന്നാൽ, ദാരിദ്ര്യം കാരണത്താൽ അതിനു സാധിക്കുന്നില്ല. താൻ അമിത വ്യയം ചെയ്യരുതെന്നും ദൈവം തന്നിരിക്കുന്ന അനുഗ്രഹങ്ങളെ സൂക്ഷിച്ച് തന്റെ മേൽചെലവു ചെയ്യണമെന്നും മനുഷ്യന്റെ മേൽ തനിക്ക് പ്രാഥമിക കടമകൾ ഉണ്ടെന്നുമുള്ള തോന്നൽ അവനുണ്ടാകണം. തന്റെ ഭാര്യയോടും മക്കളോടുമുള്ള കടമകൾ നിറവേറ്റുന്നതോടോപ്പം മനുഷ്യകുലത്തോടുള്ള കടമകളും പൂർത്തിയാക്കണമെന്ന വിചാരം അവനുണ്ടാകണം. നിങ്ങളുടെ ശ്രദ്ധ തന്നിലേക്കുണ്ടെങ്കിൽ നിങ്ങൾക്ക് ഈ വിചാരം ഉണ്ടാകുമെന്ന് അല്ലാഹു പറയുന്നു. സ്രഷ്ടാവായ ദൈവത്തെ കുറിച്ചുള്ള വിചാരമുണ്ടെങ്കിൽ അവനോട് നന്ദിയും പുലർത്തുന്നതായിരിക്കും. ഈ നന്ദി പ്രകടനം തന്നെയാണ് ആരാധന. പ്രസ്തുത നന്ദി പ്രകടനം അവന്റെ ദാസന്മാരെ സഹായിച്ചുകൊണ്ട് പ്രകടമാക്കുന്നുവെന്നും അല്ലാഹു പറയുന്നു. മസ്ജിദുമായി ബന്ധപ്പെടുത്തി അല്ലാഹു വിവരിക്കുന്ന അടിസ്ഥാനപരമായ ഒരു കാര്യമാണിത്. നമ്മളെ ഒരു ഭാഗത്ത് മസ്ജിദുമായി ബന്ധിപ്പിച്ചു നിറുത്തുന്നതും മറുഭാഗത്ത് മനുഷ്യ കുലത്തോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന തും എത്ര സുന്ദരമായ അധ്യാപനമാണെന്ന് നോക്കുക.

ഇവിടെ ധാരാളം ചക്രവർത്തിമാർ വന്നു. ആഖനിന്റെ ചരിത്രം ചിരപുരാതനമാണ്. ഭൗതികമായ ഭരണകൂടങ്ങൾ വന്നുംപോയും കൊണ്ടിരിക്കും. നിങ്ങൾ കേട്ടതുപോലെ രാജാക്കന്മാരും ധാരാളം വന്നു. നെപ്പോളിയനെ കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ, ഇവരെല്ലാം വരികയും പോകുകയും ചെയ്തു. ചിലർ സുകൃതം ചെയ്തു. അവരെ കുറച്ചുകാലം ജനം ഓർത്തു വെച്ചു. ഇതിൽ മിച്ചമായിട്ടുള്ളത് സുകൃതങ്ങൾ കാരണത്താൽ ചരിത്രത്തിൽ അവരുടെ നല്ല സ്മരണ സുരക്ഷിതമായി എന്നതാണ്. ഇതേപോലെ ചിലർ ശരിയായ പ്രവർത്തനം നടത്താത്തവരായുമുണ്ട്. അത്തരത്തിലുള്ള രാജാക്കന്മാരുടെ മർദന കഥകളും കുപ്രസിദ്ധമാണ്. ചുരുക്കത്തിൽ ചക്രവർത്തിമാർ വരുന്നു, പോകുന്നു. അവരുടെ കുടുംബങ്ങളും അവസാനിക്കുന്നു. അവരുടെ ചരിത്രവും ഒരു പരിധിവരെ അവിസ്മരണീയമാകുന്നു. അഥവാ ചരിത്രത്തെ ഓർത്തു വെക്കുന്നവരുടെ ചരിത്രം ഒരു പരിധിവരെ നിലനിൽക്കുന്നു. എന്നാൽ, അനിവാര്യമായും എന്നും ഓർത്തിരിക്കേണ്ട യഥാർഥ

ചക്രവർത്തി ദൈവമാണ്. ഈ ലോകത്തേയും പ്രപഞ്ചത്തേയും അവൻ സൃഷ്ടിച്ചു. താൻ പരിപാലകനാണെന്നും അധിപതിയാണെന്നും സ്രഷ്ടാവാണെന്നും ആധിപത്യത്തിന്റെ സമസ്ത അവകാശങ്ങളും തന്റെ കൈയിലാണെന്നും അവൻ പറയുന്നു. എന്നിട്ടും താൻ അക്രമിയല്ലെന്നും മനുഷ്യർക്ക് സ്നേഹം നല്കുന്നുവെന്നും അവൻ പറയുന്നു. താൻ ആരാധ്യനാണെന്നും തന്നെ ആരാധിക്കുവാനും അവൻ പറയുന്നു. എന്നും നിലനിൽക്കുന്ന ചക്രവർത്തിയാണ് അവൻ. അവൻ പരിപാലകനാണ്, അധിപതിയാണ്, ആരാധ്യനുമാണ്. ലോകത്തെ മറ്റൊരു ചക്രവർത്തിക്കും അവനോട് മത്സരിക്കാൻ സാധിക്കില്ല. അതുകൊണ്ട്, നമുക്ക് ഏറ്റവും കൂടുതലായി ഈ ചക്രവർത്തിയെ ഓർക്കേണ്ടത് അനിവാര്യമാണ്. അഹ്മദിയ്യാ ജമാഅത്ത് മസ്ജിദുകൾ നിർമിക്കുമ്പോൾ അതിന്റെ ഒരു ലക്ഷ്യം പ്രപഞ്ച സ്രഷ്ടാവിനെ സ്മരിക്കുക എന്നതാണ്, ലോകത്തെ സർവ്വ മതങ്ങളും ഇക്കാര്യത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്.

താൻ പരിപാലകനാണെന്ന് അല്ലാഹു പറയുമ്പോൾ പരിപാലനം ചില അനിവാര്യത ആവശ്യപ്പെടുന്നു. ഒരു ഭാഗത്ത് നിങ്ങൾ സ്വന്തത്തെ കുറിച്ചുള്ള വിചാരം വെച്ചു പുലർത്തുന്നതോടൊപ്പം ഇതരരെ കുറിച്ചും ചിന്തിക്കേണ്ടതാണ്. കാരണം, വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ വചനത്തിൽത്തന്നെ അല്ലാഹു തന്നെ റബ്ബുൽആലമീൻ എന്നാണ് സംബോധന ചെയ്യുന്നത്. താൻ മുസ്ലിമീങ്ങളുടേയും ക്രിസ്ത്യാനികളുടേയും യഹൂദരുടേയും ഹിന്ദുക്കളുടേയും എല്ലാ മതങ്ങളുടേയും അനുയായികളുടേയും മാത്രമല്ല തന്നെ അംഗീകരിക്കാത്തവരുടേയും പരിപാലകനാണെന്ന് അവൻ പറയുന്നു. ചുരുക്കത്തിൽ, ലോകത്തെ പരിപാലിക്കുന്ന റബ്ബുൽആലമീനാണ് അവൻ. ഇതിന്റെ സ്വാഭാവിക പരിണിതി എന്ന നിലിയിൽ ദൈവത്തെ ആരാധിക്കുന്നതിന് നമ്മെ അവൻ ക്ഷണിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ വീട് നിർമിക്കുന്നതിന്റെ ലക്ഷ്യം അവനെ ആരാധിക്കുക എന്നതാണ്. അഥവാ മറ്റേത് മതത്തിന്റേയും ചർച്ചുകളാവട്ടെ(Churches) യഹൂദ ദേവാലയമാവട്ടെ(Synagogues) ഏതു ആരാധനാലയങ്ങളും നിർമിക്കുന്നതിന്റെ ലക്ഷ്യം ഇതുതന്നെയാണ്.

താൻ പരിപാലകൻ ആണെന്നുള്ളതുകൊണ്ടു തന്നെ തന്റെ ഗുണഗണങ്ങളുടെ പ്രകടനമാകാൻ നിങ്ങൾ ശ്രമിക്കുക. തന്റേമേൽ ആ ഗുണങ്ങൾ പ്രാവർത്തികമാക്കുക.. ദാസന്മാരോടുള്ള കടമകളും നിർവഹിക്കുക. അവൻ ലോകത്തെ പരിപാലിക്കുന്നതുപോലെ നിങ്ങളും പരിപാലിക്കുക. അവൻ നല്കുന്നതുപോലെ ലോകത്തുള്ള ആവശ്യക്കാർക്കു നല്കുക. പാവപ്പെട്ടവർക്ക് സേവനം ചെയ്യുക. ലോകരോട് സ്നേഹത്തോടെ പെരുമാറുക. ഇതു തന്നെയാണ് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം. ഈ അധ്യാപനം തന്നെയാണ് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെമേൽ പുലർത്തുന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും. ലോകത്ത് അത് വ്യാപിപ്പിക്കാനും ശ്രമിക്കുന്നു.

യഥാർഥ ഇസ്ലാമിക അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതും കടമകൾ നിറവേറ്റാൻ ശ്രദ്ധിക്കുന്നതും അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ്. ലോകത്തെ ദുരിതബാധിത പ്രദേശങ്ങളിലെത്തി അല്ലാഹുവിന്റെ അനുഗ്രഹത്താൽ സേവനങ്ങൾ ചെയ്യുന്നതിന്റെ പിന്നിലെ കാരണവും ഇതു തന്നെയാണ്. മതപരമോ വർഗപരമോ ആയ ഒരു പരിഗണനയും കൂടാതെയാണ് ഈ സേവനങ്ങൾ! കൂടാതെ സ്കൂളുകൾ തുറന്നും ജനങ്ങളുടെ വിദ്യനേടാനുള്ള ദാഹത്തെ ശമിപ്പിച്ചും സ്ഥായിയായ സഹായങ്ങളും ചെയ്തു വരുന്നു. ഇവിടെ യൂണിവേഴ്സിറ്റിയെ കുറിച്ചും പരാമർശമുണ്ടായി. ആഖനിൽ യൂണിവേഴ്സിറ്റിയുണ്ട്. യഥാർഥത്തിൽ അറിവ് കരസ്ഥമാക്കുക എന്നത് ലോകത്തെ ഏതൊരു പൗരന്റേയും അവകാശമാണ്. ഇവിടെ ഒരു യൂണിവേഴ്സിറ്റിയും സ്ഥിതി ചെയ്യുന്നു എന്നത് ഈ പട്ടണത്തിന്റെ വലിയ സവിശേഷതയാണ്. നിശ്ചയമായും ഇവിടുത്തെ വിജ്ഞാനത്തിന്റെ നിലവാരം ഇതു കാരണത്താൽ വളരെ ഉന്നതവുമാകും. അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തോടുള്ള സേവന രംഗത്ത് സ്കൂളുകൾ തുറക്കുന്നു എന്ന കാര്യമാണ് ഞാൻ പറഞ്ഞുവന്നത്. ജനങ്ങൾക്ക് ആരോഗ്യപരമായ സൗകര്യങ്ങൾ സൃഷ്ടിക്കാൻ ആതുരാലയങ്ങളും തുറക്കുന്നു. ആഫ്രിക്കയിലെ വിദൂര ദേശങ്ങളിൽ നമ്മുടെ ആതുരാലയങ്ങളും സ്കൂളുകളും പ്രവർത്തനക്ഷമമാണ്. ഇതര പ്രൊജക്ടുകളും നടന്നു വരുന്നു. നമ്മുടെ മതാധ്യാപനങ്ങളാണ് മനുഷ്യകുലത്തോട് പുലർത്തേണ്ട ഈ സേവനങ്ങളെ കുറിച്ച് നമ്മെ പഠിപ്പിച്ചത്. നമ്മൾ ആരാധിക്കുന്ന ദൈവമാണ് ഇത് നമ്മെ പഠിപ്പിച്ചത്. നിങ്ങൾ മസ്ജിദുകൾ ജനനിബിഡമാക്കുകയും നിർമിക്കുകയും ചെയ്യുമ്പോൾ ഇതു ചെയ്യാനുള്ള കടമകൾ നിങ്ങൾ പൂർത്തിയാക്കുന്നത് കേവലം ആരാധനകൾ നിർവഹിക്കുന്നതിലൂടെ മാത്രമല്ലെന്നും മനുഷ്യകുലത്തോടുള്ള സേവനങ്ങൾകൂടി ഒപ്പം നിർവഹിക്കുമ്പോഴാണെന്നും അല്ലാഹു അതു കൊണ്ടാണ് വ്യക്തമാക്കുന്നത്.

ഇവിടെ കെട്ടിടങ്ങൾ നിർമിക്കുന്നതിനെ കുറിച്ചും പരാമർശമുണ്ടായി. കെട്ടിടങ്ങൾ നിർമിക്കുമ്പോൾ അതിൽ താമസിക്കാൻ വേണ്ടിയാണ് ചെയ്യുന്നതെന്ന് മേയർ സാഹിബ് സൂചിപ്പിച്ചു. എന്നാൽ, നമ്മൾ ഈ മസ്ജിദ് നിർമിച്ചത് കേവലം താമസിക്കാൻവേണ്ടി മാത്രമല്ല, അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കാനും ഇസ്ലാമിന്റെ യഥാർഥ ചിത്രം ഇതരരിലേക്ക് എത്തിക്കാനും കൂടിയാണ്. ജനങ്ങളുടെ മനസ്സുകളിൽ പൊതുവെ ഇസ്ലാമിനെ കുറിച്ച് എല്ലാ മുസ്ലിമീങ്ങളും തീവ്രവാദികളാണെന്നുള്ള വിചാരമുണ്ട്. ചിലർ അത് വെളിപ്പെടുത്തുകയും ചെയ്യുന്നു. ചിലർ തുറന്നു പറയാറുമില്ല. എങ്കിലും മനസ്സുകളിൽ ഇസ്ലാം തീവ്രവാദത്തിന്റെ മതമാണെന്ന ചില ആശങ്കകൾവെച്ചു പുലർത്തുന്നുണ്ട്. എന്നാൽ, യഥാർഥത്തിൽ ഇസ്ലാം തീവ്രവാദ മതമല്ല. സംക്ഷിപ്തമായി ഞാൻ കാര്യങ്ങൾ വിവരിച്ചു കഴിഞ്ഞു. നമ്മുടെ പരിപാലകൻ, നമ്മുടെ ആരാധ്യൻ പറയുന്നത് ആരാധനയുടെ കടമകൾ പൂർത്തിയാക്കുന്നതിനോടൊപ്പം ജനങ്ങളോടുള്ള കടമകളും പൂർത്തിയാക്കാനാണ്. ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ഇതാണ്. മസ്ജിദിൽ ആരാധന നിർവഹിക്കാൻ വരുന്ന ഒരാൾ ശരിയായ രൂപത്തിൽ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുന്നില്ലെങ്കിൽ അനുഷ്ഠാനങ്ങൾ അവന്റെ മുഖത്തേക്ക് തന്നെ വലിച്ചെറിയപ്പെടുമെന്നും തിരസ്കരിക്കപ്പെടുമെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. പ്രത്യക്ഷമായ ആരാധനകൾ അവന്റെ നാശത്തിനുപോലും ഹേതുവാകുന്നു. ഉന്നത സ്വഭാവ ഗുണങ്ങളും ജനങ്ങളോടുള്ള കടമകളും പുലർത്തുന്നതുവരെ കേവലം ആരാധന ഒന്നിനും മതിയാകുന്നതല്ല. അതുകൊണ്ട് ദൈവത്തിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിർവഹിച്ചുകൊണ്ട് യഥാർഥ ആരാധന നിർ വഹിക്കാന് അഹ്മദിയ്യാ ജമാഅത്ത് കർമ നിരതമാണ്.

ഒരു നല്ല സമൂഹത്തിന്റെ സവിശേഷത എല്ലാവരും ചേർന്ന് ജീവിതം നയിക്കുക എന്നതാണെന്നും മേയർ സാഹിബ് സൂചിപ്പിച്ചു. നിശ്ചയമായും ഇത് വളരെ നല്ല കാര്യമാണ്. നമ്മളും ഇപ്രകാരം കൂടിക്കലർന്ന് ജീവിക്കേണ്ടതാണ്. കാരണം തദ്വാര മതത്തിന്റെ യാഥാർഥ്യം നമുക്ക് പ്രാപിക്കാൻ സാധിക്കും. നമ്മൾ മാനുഷിക മൂല്യങ്ങൾ വിലമതിക്കുന്നവരാകും. മാനുഷിക മൂല്യങ്ങൾ നിലനിറുത്തൽ പരമപ്രധാനമായ ആവശ്യകതയാണ്. അഹ്മദിയ്യാ ജമാഅത്ത് ഉദ്ഗ്രഥനത്തിനു വേണ്ടി പരിശ്രമിക്കണമെന്ന മേയർ സാഹിബിന്റെ ഉപദേശം വളരെ നല്ലതാണ്. അഹ്മദിയ്യാ ജമാഅത്ത് എല്ലാവരോടും ചേർന്ന് ഇത് നിർവഹിക്കാൻ ശ്രമിക്കുമെന്ന് എനിക്ക് ശുഭ പ്രതീക്ഷയുണ്ട്.

മുമ്പേ ഇവിടെ ശ്രമങ്ങൾ നടന്നതുപോലെ അതിലും ഉപരിയായി ശ്രമമുണ്ടാകുമെന്ന് നിശ്ചയമായും ഞാൻ പ്രതീക്ഷിക്കുന്നു. ഒരു രാജ്യത്തിന്റെ നല്ല പൗരന് നിർവഹിക്കേണ്ട എല്ലാ കടമകളും പൂർത്തിയാക്കാൻ ഇൻശാഅല്ലാഹ് നമ്മളും ചെയ്യേണ്ടതുണ്ട്.

ഇപ്രകാരംതന്നെ ഇന്റിഗ്രേഷൻ മന്ത്രിയുടെ പ്രതിനിധി ചില വിചാരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹവും ഇതു പറഞ്ഞു, ജർമനിയിൽ ജർമൻകാർ വളരെ വിശാലമനസ്കരാണ്. അതിനാൽ ഇന്റിഗ്രേഷൻ വളരെ വിശാലമായ രീതിയിൽ നടക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇത് തികച്ചും ശരിയായ കാര്യമാണ്. ജർമൻ ജനതയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വലിയ വിശാലതയുണ്ട്. അവർ ഇവിടെ നിരവധി ജനതകളെ തങ്ങളിൽ ലയിപ്പിച്ചു. ഈ വിശാലത നിലനിൽക്കുവോളം നിങ്ങളുടെ ഉന്നത നിലവാരത്തിന്റെ പ്രസിദ്ധി ലോകത്ത് നിലനില്ക്കും. എന്നാൽ, ഈ വിശാലമനസ്കതയുടെ പ്രകടനം, വന്നു ചേരുന്ന സമൂഹങ്ങളിൽ ചില ഉത്തരവാദിത്വങ്ങളും ഏൽപ്പിക്കുന്നുണ്ട്. അവരും ഇതേ വിശാലത കാണിക്കേണ്ടതാണ്. നാമിവിടെ വന്ന് തോന്നുന്നതുപോലെ പ്രവർത്തിക്കണമെന്ന് ഞാൻ പറയില്ല. പുറത്തു നിന്നു വന്ന ഏഷ്യൻ ജനവിഭാഗങ്ങൾ ഇപ്പോൾ ജർമൻ ജനതയുടെ ഭാഗമാണ്. ഇന്ത്യയിൽ നിന്നോ പാക്കിസ്താനിൽനിന്നോ മറ്റേത് രാജ്യത്തു നിന്നോ വന്നവരായാലും ഇവിടെ ജനിച്ച കുട്ടികൾ ഇവിടുത്തെ ഭാഷ സംസാരിക്കുന്നു. ഈ സമൂഹത്തിന്റെ ഭാഗമായി കഴിഞ്ഞു. അത് കേവലം ഭാഷയിൽ മാത്രമല്ല, തങ്ങളെ സമൂഹത്തിൽ ലയിപ്പിക്കാനുള്ള വിശാലതയും കാണിക്കാത്തവരെ ജർമൻ ജനതയെ വിമർശിക്കാൻ സാധിക്കുകയില്ല. പുരാതന ജർമൻ ജനതയും ഇവിടുത്തെ തദ്ദേശിയരും പുലർത്തിയ കാര്യങ്ങൾതന്നെ ഉദ്ഗ്രഥനം

സാധ്യമാക്കാൻ പുറത്തു നിന്നു വന്ന ജനതയും കാണിക്കണം. ഞാൻ സൂചിപ്പിച്ചതു പാലെ ഇൻശാഅല്ലാഹു അഹ്മദിയ്യാ ജമാഅത്ത് വിശാലമന സ്കതക്കുള്ള മറുപടി കൂടു

തൽവീര്യത്തോടെ തിരിച്ചു നല്കും. ഇവിടെ താമസിക്കുന്ന ഓരോ അഹ്മദിയും രാജ്യത്തോട് കൂറുള്ളവനായിരിക്കുമെന്നും സമൂഹത്തിന്റേയും രാജ്യത്തിന്റേയും പുരോഗതിക്കു വേണ്ടിയും സദാ സജ്ജരായിരിക്കുമെന്നും ഞാൻ ഉറപ്പു നല്കുന്നു.

സംസ്ഥാന അസംബ്ലി അംഗം പൂക്കൾ വിൽക്കുന്ന നമ്മുടെ ഒരു അഹ്മദിയുടെ കടയെ കുറിച്ച് സൂചിപ്പിച്ചു. ഒരു മാതൃക എന്ന നിലയിൽ അദ്ദേഹം പ്രസ്തുത അഹ്മദിയെ കുറിച്ച് വിവരിച്ചു. നമ്മുടെ ഭാഗത്തുനിന്നു തീവ്രവാദം ഉണ്ടാകില്ലെന്ന വികാരം സൃഷ്ടിക്കാനാണ് അദ്ദേഹം അത് സൂചിപ്പിച്ചത്. നമ്മുടെ ഭാഗത്തുനിന്നു കല്ലേറ് ഉണ്ടാകില്ലെന്നും വാളുകൾ ഉയർത്തപ്പെടില്ലെന്നും പ്രത്യുത നമ്മൾ പുഷ്പങ്ങൾ സമർപ്പിക്കുന്നവരാണെന്നും നാമിതു തന്നെ ചെയ്യുമെന്നും അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ, നിങ്ങൾ ഇഷ്ടപ്പെടുന്ന നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്ന പുഷ്പങ്ങൾ വില ന ൽകിയാണ് വാങ്ങുന്നത്, ഈ പുഷ്പങ്ങൾ ഒരു താൽക്കാലിക സൗന്ദര്യമാണ് നിലനിർത്തുന്നത്. അവ ഒരു താൽക്കാലിക സുഗന്ധം നല്കുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന ഏറ്റവും നല്ല പുഷ്പം ഉന്നത സ്വഭാവഗുണങ്ങളാണ്. ഇത് എപ്പോഴും ജനതകൾ ഓർത്തു വെക്കും. ലോകത്ത് സർവ്വയിടത്തും അഹ്മദിയ്യാ ജമാഅത്തിന്റെ ഉന്നത സ്വഭാവഗുണങ്ങൾ വാഴ്ത്തപ്പെടുന്നു. അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന യഥാർഥ പുഷ്പമാണിത്.

അയൽവാസിയുടെ കടമകൾ നിർവഹിക്കുന്നതിനെ സംബന്ധിച്ച് സന്ദേശത്തിൽ സ്മരിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അയൽവാസിയോടുള്ള കടമയെ കുറിച്ച് ആവർത്തിച്ച് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഇസ്‌ലാം അത്രമാത്രം അയൽവാസിയുടെ കടമകൾ നിർവഹിക്കുന്നതിൽ ഊന്നൽ നല്കുന്നു. ഇസ്‌ലാംമത സ്ഥാപകർ ഹദ്റത്ത് മുഹമ്മദ് നബി(സ) അയൽവാസികളെ കുറിച്ച് എത്രമാത്രം ഊന്നലോടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നുവെന്നത് ചില അനുചരന്മാരുടെ വാക്കുകളിൽനിന്ന് പ്രസ്പ്രഷ്ടമാകുന്നുണ്ട്. ഒരു പക്ഷേ, അനന്തരാവകാശ സ്വത്തിലും അവർക്കു അവകാശം നല്കിയേക്കുമോ എന്ന ചിന്ത അവരെ അവർക്കുണ്ടായി. ഇസ്‌ലാം അത്രയധികം അയൽവാസിയുടെ അവകാശങ്ങൾക്ക് ശക്തി ചെലുത്തുന്നു. കേവലം സ്വന്തം വീടിനോട് അടുത്തുള്ള വീട് മാത്രമല്ല അയൽവാസി എന്ന നിർവചനത്തിന് കീഴിൽവരുന്നത്. അഥവാ ഒരേ ബിൽഡിംഗിൽ താമസിക്കുന്ന ഏതാനും ചില അയൽ ഫ്ളാറ്റുകാർ മാത്രമല്ല അയൽവാസികൾ. നിങ്ങളുടെ സഹയാത്രികരും അയൽവാസികളാണ്. നിങ്ങളുടെ പട്ടണത്തിൽ താമസിക്കുന്നവരും അയൽവാസികളാണ്. നിങ്ങളുടെ ഓഫീസിലെ സഹപ്രവർത്തകരും നിങ്ങളുടെ അയൽവാസികളാണ്. ഇവരുടെല്ലാമുള്ള കടമകൾ പൂർത്തിയാക്കൽ ഒരു യഥാർഥ അഹ്മദിക്ക്, ഒരു യഥാർഥ മുസ്‌ലിമിന് നിർബന്ധമാണ്.

ഇസ്‌ലാം സ്ഥാപിച്ചിരിക്കുന്ന അയൽവാസികളോടുള്ള കടമകൾ നിർവഹിക്കൽ നമ്മുടെ മേൽ നിർബന്ധമാണ്. ഒരു അഹ്മദി മുസ്‌ലിമിന്റെമേൽ നിർബന്ധമാണ്. ഒരു യഥാർഥ മുസ്‌ലിമിന്റെമേൽ നിർബന്ധമാണ്. ഈ കടമകളിലേക്ക് സദാ ശ്രദ്ധ നല്കേണ്ടത് ഒരു അഹ്മദിയുടെമേൽ നിർബന്ധമാണ്. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന് ഞാൻ അവരോട് പറയുന്നു. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ആരാധനയിലേക്ക് ശ്രദ്ധിക്കുക. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഉന്നത സ്വഭാവഗുണങ്ങൾ അതിഥികളോടും കാണിക്കുക. സ്വന്തം പട്ടണക്കാർക്കും ഈ രാജ്യത്തിലെ ജനങ്ങൾക്കും കാണിച്ചു കൊടുക്കുക. തീവ്രവാദം ഉൾക്കൊള്ളുന്ന അധ്യാപനമാണെന്ന ആക്ഷേപം ഒരാൾക്കും ഉന്നയിക്കാൻ സാധിക്കരുത്. ഇസ്‌ലാമിന്റെ അധ്യാപനം മികച്ചതാണെന്നും ഇതിനെ ദുഷിപ്പിക്കുന്നത് ഏതാനും ചില മുസ്‌ലിമീങ്ങൾ മാത്രമാണെന്നും ജനങ്ങൾ പറയുമാറാകണം. എന്നാലിതിന്റെ യഥാർഥ ചിത്രവും അഹ്മദീ മുസ്‌ലിമീങ്ങളിലൂടെ കാണാൻ സാധിക്കുന്നു. അതിലും ഉപരിയായി നമ്മളിൽനിന്നും പ്രകടമാകേണ്ടതാണ്.

മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഇസ്‌ലാമിന്റെ സുന്ദരാധ്യാപനത്തിന്റെ അംബാസിഡർമാർ ആകുവാൻ ഞാൻ നിങ്ങൾ അഹ്മദികളോട് പറയുന്നു. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഈ കടമ നിർവഹിക്കേണ്ടതാണ്. ഇതിന്നുവേണ്ടി പരസ്പരം സ്നേഹത്തിലും മുൻകടക്കുക. കാരണം, പരസ്പരം സ്നേഹം പുലർത്തുന്നതുവരെ മസ്ജിദിനോടുള്ള കടമ നിർവഹിക്കാൻ സാധ്യമല്ല. നമസ്കരിക്കാൻ വരുമ്പോൾ, ഒരേ നിരയിൽ നിൽക്കുമ്പോൾ, പ്രാർഥന നിർവഹിക്കുമ്പോൾ, സലാം പറയാൻ തിരിയുമ്പോൾ, നിങ്ങളുടെ വലത്തും ഇടത്തും നിൽക്കുന്നവർ അതിൽപെടുന്നവരാണ്. കേവലംവായകൊണ്ട് പ്രാർഥനകൾ ചെയ്യുമ്പോൾ, വായകൊണ്ട് അസ്സലാമു അലയ്ക്കും പറയുമ്പോൾ മനസ്സിൽ വിദ്വേഷവും മാലിന്യവും ദുർവിചാരങ്ങളുമുണ്ടെങ്കിൽ നിങ്ങൾക്ക് ആരാധനയുടെ കടമ നിർ വഹിക്കാൻ കഴിയില്ല. നിങ്ങൾ നമസ്കാരത്തിന്റെ കടമ നിർവഹിക്കുന്നില്ല. അത്തരം വ്യക്തികൾ ഞാൻ സൂചിപ്പിച്ചതുപോലെ സ്വന്തം നമസ്കാരങ്ങൾ മുഖേന നാശത്തിനു ഹേതുവാകുമെന്ന ഉന്നതനായ അല്ലാഹുവിന്റെ വാക്കുകൾ അന്വർഥമാക്കുന്നവരാകുന്നു. അതുകൊണ്ട് സ്വന്തക്കാരോടും അനുകമ്പയിൽ മുൻകടക്കുക. ഇതരരോടും അതിൽ മുൻകടക്കുക. മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഇതരരുമായുള്ള ബന്ധങ്ങൾ സ്ഥാപിക്കുക. അതിൽ മുൻകടന്നുകൊണ്ടേ പോവുക. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എന്താണെന്ന് ലോകത്തോട് പറയണം.

അല്ലാഹു ഈ മസ്ജിദിനോടുള്ള കടമകൾ നിറവേറ്റാൻ നിങ്ങളെ തുണക്കുമാറാകട്ടെ. ആരാധനയോടുള്ള യഥാർഥ കടമകൾ നിറവേറ്റുന്നതിനോടൊപ്പം ജനങ്ങളോടുള്ള കടമകളും നിറവേറ്റാൻ നിങ്ങളെ തുണക്കുമാറാകട്ടെ.

ആദരണീയരായ എല്ലാ അതിഥികൾക്കും ഇവിടെ വന്നതിലും ഇതിൽ പങ്കെടുത്തതിലും ഞാൻ നന്ദി പറയുന്നു.

ഹുദൂർ അൻവറിന്റെ പ്രഭാഷണം 08.50 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് എല്ലാ അതിഥികളും ഹുദൂറിന്റെ സാന്നിധ്യത്തിൽ ഭക്ഷണം കഴിച്ചു.

(തുടരും)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

പേജ് 5 ൽ നിന്ന്

ത്തിൽ എന്നോട് അസ്വസ്ഥനാണെന്ന് തോന്നുന്നു.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ല. അല്ലാഹുവാണ! ഞാൻ ഈ കാര്യത്തിൽ താങ്കളോട് നീരസത്തിലല്ല. ഞാൻ ആഗ്രഹിക്കുന്നത് എന്റെ ആഗ്രഹം കാരണം നിങ്ങൾ നിങ്ങളുടെ ആഗ്രഹത്തെ ഉപേക്ഷിക്കരുതെന്നാണ്. കാരണം നിങ്ങളുടെ ആഗ്രഹം നിങ്ങൾ അല്ലാഹുവിന്റെ അനുസരണത്തിലേക്കാണ് വിളിക്കുന്നത്. ഹദ്റത്ത് ബിലാൽ പറഞ്ഞു: 'താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ താങ്കളുടെ അടുക്കൽത്തന്നെ നിൽക്കാം.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'താങ്കളുടെ ആഗ്രഹം ജിഹാദ് ചെയ്യാനാണെങ്കിൽ ഞാൻ താങ്കളോട് ഇവിടെ താമസിക്കാൻ ഒരിക്കലും കൽപിക്കുന്നതല്ല. ഞാൻ ബാങ്കിനുവേണ്ടി മാത്രമാണ് താങ്കളുടെ സാനിധ്യം ആഗ്രഹിക്കുന്നത്. അല്ലയോ ബിലാൽ! താങ്കൾ വിട്ടു പോകുന്നത് എനിക്ക് അസ്വസ്ഥത ഉണ്ടാക്കുന്നുണ്ട്. പക്ഷേ, ഈ വേർപാടും അനിവാര്യമാണ്. അതിനു ശേഷം ഖിയാമത്തുന്നാൾവരെ കൂടിക്കാഴ്ച ഉണ്ടാകുന്നതല്ല. അല്ലയോ ബിലാൽ! താങ്കൾ സൽകർമങ്ങൾ ചെയ്തു കൊണ്ടിരിക്കുക. ഈ ലോകത്ത് താങ്കളുടെ പാഥേയം സൽകർമങ്ങളായിരിക്കട്ടെ. അക്കാരണത്താൽ താങ്കൾ ജീവിച്ചിരിക്കുന്നിടത്തോളം അല്ലാഹു താങ്കളുടെ സ്മരണ നിലനിറുത്തും. മരണപ്പെടുകയാണെങ്കിൽ അതിന്റെ ഉന്നതമായ പ്രതിഫലം നൽകുന്നതുമാണ്. ഹദ്റത്ത് ബിലാൽ(റ) അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാഹു അങ്ങയ്ക്ക് ഈ സുഹൃത്തും സഹോദരനുംമുഖേന തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. അല്ലാഹുവാണ! താങ്കൾ ഞങ്ങൾക്ക് നൽകിയിട്ടുള്ള അല്ലാഹുവിനെ അനുസരിക്കാനും സ്വബർ ചെയ്യാനും സൽകർമങ്ങളിൽ നിലകൊള്ളുന്നതിനുമുള്ള കൽപനകൾ ഒന്നും പുതുമയുള്ളതല്ല. ഞാൻ നബി(സ)തിരുമേനിക്കുശേഷം ആർക്കുവേണ്ടിയും ബാങ്ക് കൊടുക്കാൻ ആഗ്രഹിക്കുന്നില്ല.'

തുടർന്ന് ഹദ്റത്ത് സയീദ് ബിൻ ആമിറിന്റെ കൂടെ ഹദ്റത്ത് ബിലാലും പുറപ്പെട്ടു.*(അൽഇക്തിഫാ....മഗാസി റസൂലില്ലാഹ്....വാല്യം 2, ഭാഗം 1, പേജ് 130-132, ആലമുൽകുതുബ് ബെയ്റൂത്ത്, 1997)*

ഇതുംകൂടി അദ്ദേഹം അപേക്ഷിച്ചു: 'ബാങ്ക് കൊടുക്കുന്നതിനുവേണ്ടിമാത്രം ഇവിടെ തങ്ങണമെങ്കിൽ ഞാനാഗ്രഹിക്കു

ന്നത് ഞാൻ ബാങ്കുകൊടുക്കാതിരിക്കുക എന്നതാണ്. കാരണം ഞാൻ നബി(സ) തിരുമേനിക്കുശേഷം മറ്റാർക്കെങ്കിലും വേണ്ടി ബാങ്കു കൊടുക്കാൻ എന്റെ ഹൃദയം ആഗ്രഹിക്കുന്നില്ല. അതിനുശേഷം ഹദ്റത്ത് അബുബക്ർ(റ)ന്റെ അടുക്കൽ ആളുകൾ ഒരുമിച്ചുകൂടി. അദ്ദേഹം ഹദ്റത്ത് മുആവിയയെ അവരുടെ നേതാവാക്കി. അദ്ദേഹത്തോട് അദ്ദേഹത്തിന്റെ സഹോദരൻ യസീദിനൊപ്പം ചേരാൻ കൽപിച്ചു. ഹദ്റത്ത് മുആവിയ, ഹദ്റത്ത് യസീദിന്റെ അടുക്കലെത്തി. ഹദ്റത്ത് മുആവിയ, ഹദ്റത്ത് ഖാലിദ് ബിൻ സയീദിന്റെ അടുക്കലൂടെ പോകുമ്പോൾ അദ്ദേഹത്തിന്റെ സൈന്യത്തിന്റെ ബാക്കി ഭാഗവും ഇദ്ദേഹത്തോടൊപ്പം ചേരുകയുണ്ടായി. *(താരീഖ് അത്ത്വബരി ഭാഗം 2, പേജ് 333, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2012)*

ഹദ്റത്ത് ഹംസ ബിൻ മാലിക് ഹമദാനി ഒരു സൈന്യവുമായി ഹദ്റത്ത് അബുബക്ർ(റ)ന്റെ സവിധത്തിൽ ഹാജരായി. അദ്ദേഹത്തിന്റെ സൈനിക ബലം ആയിരത്തോളമോ അതിലധികമോ ആയിരുന്നു. ഹദ്റത്ത് അബുബക്ർ(റ) അവരുടെ എണ്ണവും തയ്യാറെടുപ്പും കണ്ടപ്പോൾ വളരെയധികം സന്തോഷിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹു മുസ്ലിമീങ്ങൾക്കുമേൽ ചെയ്തു തന്നിട്ടുള്ള ഔദാര്യങ്ങൾക്ക് സകല സ്തുതിയും അവനു തന്നെയാകുന്നു. അല്ലാഹു എപ്പോഴും ഈ ആളുകൾ മുഖേന മുസ്ലിമീങ്ങളെ സഹായിച്ചുകൊണ്ട് അവർക്ക് സമാധാനത്തിനുള്ള സംവിധാനമൊരുക്കുന്നു. അവർ മുഖേന മുസ്ലിമീങ്ങൾക്ക് കരുത്ത് പകരുന്നു. അവരുടെ ശത്രുവിന്റെ നടുവ് തകർത്ത് വെക്കുന്നു.

തുടർന്ന് ഹംസ, ഹദ്റത്ത് അബുബക്ർ(റ)നോട് പറഞ്ഞു: 'താങ്കളെ കൂടാതെ മറ്റാരെങ്കിലും എനിക്കുമേൽ അമീറായിട്ടുണ്ടാകുമോ?' ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: 'അതെ! നാം മൂന്നുപേരെ അമീർമാരായി നിയമിച്ചിട്ടുണ്ട്. അതിൽ ഇഷ്ടമുള്ളവരുടെ അടുത്ത് താങ്കൾക്കു പോകാം. ഹദ്റത്ത് ഹംസ, മുസ്ലിമീങ്ങളുടെ അടുക്കലെത്തിയപ്പോൾ, ഈ അമീർമാരിലാരാണ് ഏറ്റവും ശ്രേഷ്ഠനും നബി(സ)തിരുമേനിയുടെ സഹവാസത്തിൽ ഏറ്റവും ഉത്തമനുമായിട്ടുള്ളയാളെന്നും അവരോട് ചോദിച്ചു. ഹദ്റത്ത് അബുഉബയ്ദ ബിൻ അൽജർറാഹ് ആണെന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. അദ്ദേഹം അവരോടൊപ്പം ചേരുകയും ചെയ്തു. ഇതും അവരുടെ നബി(സ)തിരുമേനിയോടുള്ള സ്നേഹപ്രകടനമാണ്. നബി(സ)തിരുമേനിയുടെ സാമീപ്യം ലഭിച്ചവരോടൊപ്പം നിൽക്കണമെന്ന് അവർ ആഗ്രഹിച്ചു.

ജിഹാദീ സംഘങ്ങൾ മദീനയിലേക്ക് വന്നുകൊണ്ടേ ഇരുന്നു. ഹദ്റത്ത് അബുബക്ർ(റ) അവരെ യുദ്ധത്തിനുവേണ്ടി പറഞ്ഞയക്കുകയും ചെയ്തിരുന്നു. മറുഭാഗത്ത് ഹദ്റത്ത് അബുഉബയ്ദ(റ), ഹദ്റത്ത് അബുബക്ർ(റ)ന് നേരിട്ട് കത്തുകൾ എഴുതിക്കൊണ്ടിരുന്നു. അതായത് റോമക്കാരും അവരുടെ കീഴിലുള്ള ഗോത്രങ്ങളും മുസ്ലിമീങ്ങൾക്കെതിരിൽ വൻതോതിൽ സംഘടിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ സന്ദർഭത്തിൽ ഞാൻ എന്ത് ചെയ്യണമെന്ന് ഉപദേശിച്ചാലും! *(അൽഇക്തിഫാ....മഗാസി റസുലില്ലാഹ്....വാള്യം 2, ഭാഗം 1, പേജ് 133-136, ആലമുൽകുതുബ് ബെയ്റുത്ത്, 1997)*

ഹദ്റത്ത് അബു ഉബയ്ദയുടെ തുടരെത്തുടരെയുള്ള കത്തുകളെ തുടർന്ന് ഹദ്റത്ത് അബുബക്ർ(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ശാമിലേക്ക് അയക്കാൻ തീരുമാനിച്ചു. ഹദ്റത്ത് അബുബക്ർ(റ) പറഞ്ഞു: അല്ലാഹുവാണ! തീർച്ചയായും ഖാലിദ് ബിൻ വലീദ് മുഖേന റോമക്കാരെ അവരുടെ സാത്താനിക പദ്ധതികൾ വിസ്മരിപ്പിച്ച് കളയുന്നതാണ്. ഹദ്റത്ത് ഖാലിദ് ആ സമയത്ത് ഇറാഖിലായിരുന്നു. ഹദ്റത്ത് അബുബക്ർ(റ), ഹദ്റത്ത് ഖാലിദിനോട് സിറിയയിലേക്ക് പോകാനും അവിടെ ഇസ്ലാമിക സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുക്കാനും കൽപിച്ചു. തുടർന്ന് അബൂഉബയ്ദക്ക് ഇങ്ങനെ എഴുതി: 'അമ്മ ബഅ്ദ് ഞാൻ സിറിയയിൽ ശത്രുക്കളുമായുള്ള യുദ്ധത്തിന്റെ നേതൃത്വം ഖാലിദിനെ ഏല്പിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ എതിർക്കരുത്. അദ്ദേഹം പറയുന്നത് കേൾക്കുകയും അദ്ദേഹത്തിന്റെ കല്പനകൾ പ്രാവർത്തികമാക്കുകയും ചെയ്യുക. ഞാൻ അദ്ദേഹത്തെ നിങ്ങൾക്കുമേൽ നിയോഗിച്ചത് നിങ്ങൾ എന്റെ പക്കൽ അദ്ദേഹത്തെക്കാളും ഔന്നത്യം കുറഞ്ഞവനായതുകൊണ്ടല്ല. പക്ഷേ, എന്റെ വീക്ഷണത്തിൽ അദ്ദേഹത്തിന് നിങ്ങളെക്കാളും യുദ്ധ നൈപുണ്യമുണ്ട്. അല്ലാഹു നമ്മുടെയും നിങ്ങളുടെയും ഗുണകാംക്ഷി ആയിരിക്കുമാറാകട്ടെ. വസ്സലാം. *(അൽഇക്തിഫാ....മഗാസി റസുലില്ലാഹ്.... വാള്യം 2, ഭാഗം 1, പേജ് 148, ആലമുൽകുതുബ് ബെയ്റുത്ത്, 1997)(താരീഖുൽഖുമയ്സ് വാള്യം 3, പേജ് 220)*

ഹദ്റത്ത് ഖാലിദ് ഇറാഖിൽനിന്നു സിറിയയിലേക്ക് പുറപ്പെട്ടതിനെ സംബന്ധിച്ച് ഇങ്ങനെ രേഖപെടുത്തിയിരിക്കുന്നു: ഹദ്റത്ത് അബുബക്ർ(റ)ന്റെ കത്ത് ഹദ്റത്ത് ഖാലിദിന് കിട്ടുകയുണ്ടായി, വിവിധ നിവേദനങ്ങളനുസരിച്ച് എണ്ണൂറു, അഞ്ഞൂറ്, ഒമ്പതിനായിരം, ആറായിരം പേരടങ്ങുന്ന സംഘവുമായി അദ്ദേഹം സിറിയയിലേക്ക് പുറപ്പെട്ടു. ചില നിവേദനങ്ങളിൽ നൂറുക്കണക്കിനെന്നും മറ്റു ചിലതിൽ ആയിരക്കണക്കിനെന്നും പറഞ്ഞിട്ടുണ്ട്. ഏതായിരുന്നാലും അദ്ദേഹം സിറിയയിലേക്ക് നീങ്ങി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഖുറാഖിർ എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെയുള്ളവരുമായി യുദ്ധം ചെയ്യേണ്ടിവന്നു. പിന്നെ അവിടെനിന്ന് മരുഭൂമി താണ്ടി വളരെ ദുർഘടമായ വഴികളിലൂടെ തന്റെ ശ്യാമള പതാകയുമായി ഡമാസ്കസിനു സമീപം ഥനിയ്യത്തുൽഉഖാബ് എന്ന സ്ഥലത്തെത്തി.

ഈ കൊടിയെ കുറിച്ച് എഴുതുന്നു: ഇത് നബി(സ)തിരുമേനിയുടെ പതാകയായിരുന്നു. ഇതിന്റെ നാമം ഉഖാബ് എന്നാണ്. ഈ പതാക കാരണമാണ് പ്രസ്തുത താഴ്വരയുടെ പേര് 'ഥനിയ്യത്തുൽ ഉഖാബ്' എന്നായത്. *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 256-258, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2006)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ,മുത്തർറജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി പേജ് 350, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)*

അതിനുശേഷം ഡമാസ്കസിന്റെ കിഴക്കൻ കവാടത്തിൽനിന്ന് ഒരു മൈൽ അകലെ ഹദ്റത്ത് ഖാലിദ് തമ്പടിച്ചു. ചില നിവേദനങ്ങളിൽ പറയുന്നത് ഹദ്റത്ത് അബൂ ഉബയ്ദ അദ്ദേഹത്തെ ഇവിടെയാണ് കണ്ടുമുട്ടിയതെന്നാണ്. ശത്രുക്കളെ ഈ ദിവസം മുതൽ വളയാൻ തുടങ്ങിയിരുന്നു. മറ്റു ചില നിവേദനങ്ങളിൽ പറയുന്നത് ഹദ്റത്ത് ഖാലിദ് ഡമാസ്കസിൽ കൂടുതൽ കാലം തങ്ങിയില്ല. മറിച്ച് മുന്നോട്ടുനീങ്ങി 'ഖനാത്തിൽ ബുസ്റ'യിലെത്തിയെന്നാണ്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുസ്ലിംമീങ്ങളോടൊപ്പം ബുസ്റയിലെത്തിയപ്പോൾ എല്ലാ മുസ്ലിം സൈന്യങ്ങളും ഒരുമിച്ചുകൂടി. എല്ലാവരും അവിടെ അദ്ദേഹത്തെ യുദ്ധത്തിന്റെ അമീറാക്കി. അവർ പട്ടണത്തെ വളഞ്ഞു. ചിലർ പറയുന്നത്, ഈ യുദ്ധത്തിന്റെ നേതൃത്വം ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്യാനായിരുന്നു എന്നാണ്. കാരണം അദ്ദേഹം ഡമാസ്കസിലെ കൈകാര്യ കർത്താവും അതിന്റെ നേതാവും ഗവർണറുമായിരുന്നു. അവിടെയുള്ള ജനങ്ങൾ മുസ്ലിമീങ്ങൾക്ക് ജിസ്യ കൊടുക്കാമെന്നും മുസ്ലിമീങ്ങളുടെ ജീവനും സ്വത്തിനും സന്തതികൾക്കും അഭയം നൽകാമെന്നുമുള്ള കാര്യത്തിൽ സന്ധി ചെയ്തു. *(ഫുതൂഹുൽബുൽദാൻ ലിൽബിലാദരി പേജ് 174, മുത്തർറജിം അബുൽ ഖയ്ർ മൗദൂദീ നഫീസ് അക്കാഡമി, ലാഹോർ 1986) (ഹദ്റത്ത് അബൂബക്ർ സിദ്ദീഖെ അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ,മുത്തർറജിം, ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി പേജ് 351, ഇൽമോ ഇർഫാൻ പബ്ലീഷേർസ്സ് ലാഹോർ 2004)*

അടുത്തത് 'അജ്നാദയ്ൻ' യുദ്ധമാണ്. 'അജ്നാദീൻ' എന്നും പറയപ്പെടുന്നു. ഇതിനെപറ്റി എഴുതുന്നു: ഇത് ഫലസ്തീനിന്റെ ചുറ്റുവട്ടത്തുള്ള പ്രശസ്തമായൊരു നാടിന്റെ പേരാണ്. *(മുഅ്ജമുൽബുൽദാൻ വാള്യം 1, പേജ് 129, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ബുസ്റ വിജയത്തിനുശേഷം ഹദ്റത്ത് അബൂഉബയ്ദയെയും ഹദ്റത്ത് ശറഹ്ബീലിനെയും ഹദ്റത്ത് യസീദ് ബിൻ അബി സുഫ്യാനെയും കൂട്ടി ഹദ്റത്ത് ഖാലിദ്(റ), ഹദ്റത്ത് അംറ് ബിൻ ആസിനെ സഹായിക്കാൻ ഫലസ്തീനിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് അംറ് ആ സമയത്ത് ഫലസ്തീനിന്റെ താഴ്ന്ന പ്രദേശങ്ങളിലാണ് താമസിച്ചിരുന്നത്. അദ്ദേഹം മുസ്ലിം സൈന്യങ്ങളെ കണ്ടുമുട്ടാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, റോമൻസൈന്യം അദ്ദേഹത്തെ പിന്തുടരുന്നുണ്ടായിരുന്നു. അദ്ദേഹത്തെ യുദ്ധത്തിന് നിർബന്ധിക്കാൻ ശ്രമിക്കുകയുമായിരുന്നു. റോമക്കാർ മുസ്ലിമീങ്ങളുടെ ആഗമനത്തെ കുറിച്ച് അറിഞ്ഞപ്പോൾ അജ്നാദയ്നിലേക്ക് മാറിപ്പോയി. ഹദ്റത്ത് അംറ് ബിൻ ആസ് ഇസ്ലാമിക സൈന്യങ്ങളെ കുറിച്ച് അറിഞ്ഞപ്പോൾ അവിടെനിന്ന് പുറപ്പെടുകയും ഇസ്ലാമിക സൈന്യങ്ങളെ കണ്ടുമുട്ടുകയും ചെയ്തു. പിന്നെ എല്ലാവരും അജ്നാദയ്നിൽ ഒരുമിച്ചുകൂടി. റോമക്കാർക്ക് മുന്നിൽ

അണിനിരന്നു.*(താരീഖ് അത്ത്വബരി വാല്യം 2, പേജ് 346-347, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1987)അസ് അൽഖലീഫത്തുൽ ഔവ്വൽ അബൂബക്ർ സിദ്ദീഖ്(റ)ശഖ്സിയ്യത്ത് വ അസ്റഹു ലിസ്സ്വലാബി, പേജ് 312, ദാറുൽമഅ്രിഫ)*

മറ്റൊരു നിവേദനം ഇങ്ങനെയുമുണ്ട്. അതനുസരിച്ച് അജ്നാദയ്നിൽ പോകുന്നതിനുമുമ്പേ ഹദ്റത്ത് ഖാലിദ് ബുസ്റായ്ക്കുപകരം ഡമാസ്കസ്സ് വളഞ്ഞു കഴിഞ്ഞിരുന്നു. ഹദ്റത്ത് അബൂഉബയ്ദയും അവരോടൊപ്പമുണ്ടായിരുന്നു. ഈ ഉപരോധത്തിന്നിടയിൽ ഹിർഖൽ ഡമാസ്കസുകാരെ സഹായിക്കാൻവേണ്ടി ഒരു സൈന്യത്തെ അയച്ചിരുന്നു. അവരുമായി മുസ്‌ലിമീങ്ങൾക്ക് ഏറ്റുമുട്ടേണ്ടി വന്നു. അതെ കുറിച്ച് ഏതായാലും ഡമാസ്കസിന്റെ വിജയത്തെ കുറിച്ച് പറയുമ്പോൾ പരാമർശിക്കുന്നതാണ്. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 379-380, ബുക് കോർണർ ഷോ റൂം ഝലം)*

എന്തായാലും ഡമാസ്കസ് ഉപരോധത്തിന്നിടയിൽ ഹദ്റത്ത് ഖാലിദിനും ഹദ്റത്ത് അബൂഉബയ്ദക്കും മനസ്സിലായത് ഹിംസിന്റെ ഭരണാധിപൻ ഒരു സൈന്യത്തെ തയ്യാറാക്കുന്നുണ്ടെന്നാണ്. അങ്ങനെ ഹദ്റത്ത് ശറഹ്ബീൽ ബിൻ ഹസനയുടെ വഴി തടയാൻ ആഗ്രഹിക്കുകയായിരുന്നു. അദ്ദേഹം ആ സമയത്ത് ബുസ്റയിലായിരുന്നു. റോമക്കാരുടെ ഒരു വലിയ സൈന്യം അജ്നാദയ്നിലെത്തി. ഈ വാർത്ത ഹദ്റത്ത് ഖാലിദിനെയും അബൂഉബയ്ദയെയും അസ്വസ്ഥരാക്കി. കാരണം അദ്ദേഹം ആ സമയത്ത് ഡമാസ്കസുകാരുമായി യുദ്ധത്തിൽ വ്യാപൃതനായിരുന്നു. തുടർന്ന് ഹദ്റത്ത് ഖാലിദും ഹദ്റത്ത് അബൂഉബയ്ദയും കൂടിയാലോചന നടത്തി. ഹദ്റത്ത് അബൂഉബയ്ദ(റ) പറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ നമുക്കിവിടെ നിന്ന് പോകാം. ശത്രുക്കൾ ഹദ്റത്ത് ശറഹ്ബീലിന്റെ അടുത്തെത്തുന്നതിനു മുമ്പേ നമുക്ക് അദ്ദേഹത്തിന്റെ അടുത്തെത്താം.' ഹദ്റത്ത് ഖാലിദ്(റ) പറഞ്ഞു: 'നമ്മൾ ഹദ്റത്ത് ശറഹ്ബീലിന്റെ അടുത്തു പോകുകയാണെങ്കിൽ അജ്നാദയ്നിലുള്ള റോമൻ പട്ടാളക്കാർ നമ്മെ പിന്തുടരുന്നതാണ്. അതുകൊണ്ട് എന്റെ വീക്ഷണത്തിൽ അജ്നാദയ്നിലുള്ള ഈ വലിയ സൈന്യത്തെ നേരിടുകയാണ് നല്ലത്. അദ്ദേഹത്തോട് അജ്നാദയ്നിൽ നമ്മോടൊപ്പം കൂടാനായി പറയാം. അങ്ങനെ നമ്മൾ ഹദ്റത്ത് യസീദ് ബിൻ അബൂസുഫ്‌യാനോടും ഹദ്റത്ത് അംറിനോടും അജ്നാദയ്നിൽ വന്നു നമ്മോടൊപ്പം ചേരാൻ പറയാം. പോകുമ്പോൾ നമുക്ക് ശത്രുക്കളെ നേരിടാം. അപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ(റ) പറഞ്ഞു: 'ഈ തീരുമാനം വളരെ നല്ലതാകുന്നു. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. അതനുസരിച്ച് പ്രവർത്തിക്കാം.'

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് അബൂഉബയ്ദ്(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദിനു നല്കിയ അഭിപ്രായം ഇപ്രകാരമായിരുന്നു: നമ്മുടെ സൈന്യം സിറിയയിൽ പല പ്രദേശങ്ങളിൽ ചിതറിക്കിടക്കുകയാണ്. അതുകൊണ്ട് അവർക്കെല്ലാവർക്കും കത്തെഴുതിക്കൊണ്ട് അജ്നാദയ്നിൽ വന്നു നമ്മോടൊപ്പം ചേരാൻ പറയണം.' തുടർന്ന് ഹദ്റത്ത് ഖാലിദ് ഡമാസ്കസിൽനിന്ന് അജ്നാദയ്നിലേക്ക് പോകാൻ തീരുമാനിച്ചപ്പോൾ എല്ലാ അമീർമാർക്കും കത്തെഴുതിക്കൊണ്ട് അജ്നാദയ്നിൽ ഒരുമിച്ച് കൂടാൻ നിർദേശം നൽകി. ഹദ്റത്ത് ഖാലിദും ഹദ്റത്ത് അബൂഉബയ്ദയും ആളുകളെയുംകൊണ്ട് ഡമാസ്കസിന്റെ ഉപരോധം ഒഴിവാക്കി വളരെ ശീഘ്രഗതിയിൽ പുറപ്പെട്ടു. ഹദ്റത്ത് അബൂഉബയ്ദ(റ) സൈന്യത്തിന്റെ പിറകു വശത്തായിരുന്നു. ഡമസ്കസുകാർ പിന്തുടർന്നെത്തി അബൂഉബയ്ദയെ വളഞ്ഞു. അദ്ദേഹം ഇരുന്നൂറു ആളുകൾക്കൊപ്പമാണ് ഉണ്ടായിരുന്നത്. വാസ്തവത്തിൽ ഇത് സ്ത്രീകളും കുട്ടികളും സമ്പത്തും സാമഗ്രികളും അടങ്ങിയ സംഘമായിരുന്നു. ഒരു നിവേദനമനുസരിച്ച് അവരെ നിരീക്ഷിക്കാനും സംരക്ഷിക്കാനും ആയിരം പേരടങ്ങുന്ന സംഘവുമുണ്ടായിരുന്നു. ഏതായിരുന്നാലും ഡമാസ്കസുകാരുടെ എണ്ണം വളരെ അധികമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ) അവരുമായി ശക്തമായി ഏറ്റുമുട്ടി. സൈന്യത്തിന്റെ മുൻനിരയിലുണ്ടായിരുന്ന ഹദ്റത്ത് ഖാലിദ് ഇതേ കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹം അവിടെനിന്ന് തിരിച്ചു. കൂടെയുള്ള ആളുകളും തിരിക്കുകയുണ്ടായി. പിന്നെ അവർ റോമക്കാരോടു യുദ്ധം ചെയ്തു. അവർ പരസ്പരം വാഴ്ത്തിക്കൊണ്ട് മൂന്ന് മൈലുകളോളം അവരെ പിന്നോട്ടുതള്ളി. എത്രത്തോളമെന്നാൽ അവർ തിരിച്ച് ഡമാസ്കസിലെത്തി. മറുഭാഗത്ത് അജ്നാദയ്നിൽ ഉണ്ടായിരുന്ന റോമൻ സൈന്യം തങ്ങളുടെ രണ്ടാമത്തെ സൈന്യത്തിലേക്ക് കത്തയക്കുകയും അജ്നാദയ്നിലെത്താൻ നിർദേശിക്കുകയും ചെയ്തു. റോമൻ സൈന്യം ഹദ്റത്ത് ശറഹ്ബീലിനെ ആക്രമിക്കാൻ ബുസ്റയിലേക്ക് നീങ്ങുകയായിരുന്നു. അങ്ങനെ അവരും അജ്നാദയ്നിലെത്തി. ഹദ്റത്ത് ഖാലിദിന്റെ നിർദേശ പ്രകാരം എല്ലാ മുസ്‌ലിം സൈന്യങ്ങളും അജ്നാദയ്നിൽ ഒരുമിച്ചുകൂടി. *(താരീഖുൽഖുമയ്സ് വാല്യം 3, പേജ് 228-230, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2009)(മർദാനെ അറബ് പേജ് 214,216)*

റോമൻ സൈന്യാധിപൻ മുസ്‌ലിമീങ്ങൾക്ക് എന്തെങ്കിലും കൊടുത്തുകൊണ്ട് തിരിച്ചയക്കാൻ ആഗ്രഹിച്ചു. കാരണം ഇറാനികളെപോലെ അവരും ധരിച്ചിരുന്നത് പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഈ ദരിദ്രർ നാട് കൊള്ളയടിക്കാൻ പുറപ്പെട്ടിരിക്കുന്നു എന്നാണ്. അവർ നൂറ്റാണ്ടുകളായി സംസ്കാര ശൂന്യരായ പാമരന്മാരും ദരിദ്രരും നിസ്സഹായരുമായ മരുഭൂനിവാസികളായ അറബികളിൽനിന്ന് ഉന്നതമായ ഒരു ലക്ഷ്യവും പ്രതീക്ഷിച്ചിരുന്നില്ല. അങ്ങനെ അവർ ഖാലിദിന് മുന്നിൽ ഒരു നിർദേശം വെച്ചു: 'അദ്ദേഹവും അദ്ദേഹത്തിന്റെ സൈന്യവും തിരിച്ചു പോകുകയാണെങ്കിൽ ഓരോ സൈനികനും ഒരു തലപ്പാവും ഒരു ജോഡി വസ്ത്രവും ഒരു സ്വർണപ്പതക്കവും നൽകുന്നതാണ്. സൈന്യാധിപന്മാർക്ക് പത്തു ജോഡി വസ്ത്രവും നൂറു സ്വർണ പതക്കങ്ങളും നൽകുന്നതാണ്. ഖലീഫയ്ക്ക് നൂറു ജോഡി വസ്ത്രങ്ങളും ആയിരം സ്വർണ പതക്കങ്ങളും നൽകാം.' അവർ പറഞ്ഞു: 'ഈ കൊള്ളക്കാർക്ക് ഇത്രയും നൽകി അവരെ പറഞ്ഞയക്കുക.' ഹദ്റത്ത് ഖാലിദ്(റ) ഈ നിർദേശത്തെ പുച്ഛിച്ച് തള്ളുകയുണ്ടായി. എന്നിട്ട് വളരെ കടുത്ത ഭാഷയിൽ അവരോട് പറഞ്ഞു: 'റോമക്കാരേ!ഞങ്ങൾ നിങ്ങളുടെ ഔദാര്യങ്ങളെ പുച്ഛിച്ച് തള്ളുന്നു. കാരണം ഞങ്ങൾ ഉടൻതന്നെ നിങ്ങളുടെ സമ്പത്തിന്മേലും കുടുംബങ്ങളിന്മേലും വ്യക്തികൾക്കുമേലും ഉടമസ്ഥാവകാശം ഏറ്റെടുക്കാൻ പോകുകയാണ്.'*(അശ്റമുബശ്ശറ, ബശീർ സാജിദ് ,പേജ് 156-157, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ)*

അങ്ങനെ രണ്ടു സൈന്യങ്ങളും സമീപമെത്തിയപ്പോൾ റോമക്കാരുടെ ഒരു തലവൻ ഒരു അറബിയെ വിളിച്ച് മുസ്‌ലിമീങ്ങൾക്കിടയിൽ പോയി വരാൻ പറഞ്ഞു. ആ അറബി മുസ്‌ലിമായിരുന്നില്ല. മുസ്‌ലിമീങ്ങൾക്കിടയിൽ ഒരു ദിവസം താമസിച്ച് അവരെ കുറിച്ചുള്ള വിവരങ്ങൾ കൊണ്ടുവരിക എന്നതായിരുന്നു അയാളുടെ ജോലി. അയാൾ മുസ്‌ലിമീങ്ങൾക്കിടയിൽ കയറിപറ്റി. അറബി ആയിരുന്ന കാരണത്താൽ അയാളെ കുറിച്ച് ആർക്കും സംശയമുണ്ടായിരുന്നില്ല. മുസ്‌ലിമീങ്ങൾക്കിടയിൽ അയാൾ ഒരു പകലും ഒരു രാത്രിയും കഴിച്ചുകൂട്ടി. പിന്നെ റോമൻ നേതാവിന്റെ അടുക്കലെത്തി. അയാൾ ചോദിച്ചു, നീ എന്ത് വർത്തയുമായിട്ടാണ് വന്നിട്ടുള്ളത്? അയാൾ ചോദിച്ചു: നിങ്ങൾ എന്ത് വാർത്തയെ കുറിച്ചാണ് ചോദിക്കുന്നത്? അവർ രാത്രിയിൽ ഇബാദത്തുകൾ അനുഷ്ഠിക്കുന്നു. പകൽ അവർ കുതിരസവാരിക്കാരുമാണ്. തങ്ങൾക്കിടയിൽ നീതി നില നിറുത്തുന്നതിന് രാജാവിന്റെ മകനാണ് കളവ് ചെയ്തതെങ്കിൽപോലും അയാളുടെ കൈ മുറിച്ചിരിക്കും. വ്യഭിചാരിക്കുകയാണെങ്കിൽ അയാളെ കല്ലെറിഞ്ഞു കൊന്നിരിക്കും.'

റോമൻ തലവൻ അയാളോട് പറഞ്ഞു: 'നീ എന്നോട് ഈ പറഞ്ഞത് സത്യമാണെങ്കിൽ ഭൂമിക്ക് മുകളിൽ അവരെ നേരിടുന്നതിനേക്കാൾ നല്ലത് ഭൂമിയുടെ ഉള്ളിലേക്ക് ആഴ്ന്ന് പോകുന്നതാണ്. ഞാൻ ആഗ്രഹിക്കുന്നത് അല്ലാഹു എന്നെ എന്റെ അവസ്ഥയിൽത്തന്നെ വിടുകയും എനിക്കെതിരിൽ അവരെയോ അവർക്കെതിരിൽ എന്നെയോ സഹായിക്കാതിരിക്കുകയും ചെയ്യണമെന്നാണ്.' *(താരീഖ് ത്വബരി വാല്യം 2, പേജ് 347, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)* താരീഖ് ത്വബരിയിൽ എഴുതിയിരുക്കുന്നു:

രാവിലെയായപ്പോൾ അവർ പരസ്പരം സമീപമെത്തി. ഹദ്റത്ത് ഖാലിദ് പുറത്തു വന്ന് സൈന്യത്തെ ക്രമീകരിച്ചു. ഹദ്റത്ത് ഖാലിദ്(റ) ജനങ്ങൾക്കിടയിലൂടെ ജിഹാദിന് പ്രേരിപ്പിച്ച് നടക്കുകയായിരുന്നു. ഒരു സ്ഥലത്തും അദ്ദേഹം നിൽക്കുന്നുണ്ടായിരുന്നില്ല. അദ്ദേഹം മുസ്‌ലിം സ്ത്രീകളോട് കൽപിച്ചു, ശക്തമായി ഉറച്ചു നിൽക്കുക. പുരുഷന്മാർക്കു പിന്നിൽ അണിനിരക്കുക. അല്ലാഹുവിനെ വിളിക്കുകയും

അവനോട് പ്രാർഥിക്കുകയും ചെയ്യുക. മുസ്‌ലിമീങ്ങൾ ആരെങ്കിലും അവരുടെ അടുത്ത് പോകാൻ ഇടയായാൽ തങ്ങളുടെ മക്കളെ ഉയർത്തിപ്പിടിച്ചുകൊണ്ട് അവരോട് പറയുക: 'നിങ്ങളുടെ സന്താനങ്ങളെയും സ്ത്രീകളെയും സംരക്ഷിക്കുന്നതിനുവേണ്ടി യുദ്ധം ചെയ്യുക.' ഹദ്റത്ത് ഖാലിദ്(റ) ഓരോ സംഘത്തിന്റേയും അടുത്തെത്തി നിൽക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: 'അല്ലാഹുവിന്റ ദാസരേ! അല്ലാഹുവിനോടുള്ള തഖ്‌വ മുറുകെ പിടിക്കുക. അല്ലാഹുവിന്റെ മാർഗത്തിൽ അവനെ നിഷേധിച്ചവരുമായി യുദ്ധം ചെയ്യുക. തങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞു പോകരുത്. ശത്രുക്കൾക്കു മുന്നിൽ ചൂളിപ്പോകുകയുമരുത്. മറിച്ച് സിംഹങ്ങളെപോലെ മുന്നോട്ട് ഗമിക്കുവിൻ. എത്രത്തോളമെന്നാൽ ഭയം നീങ്ങിപ്പോകട്ടെ. നിങ്ങൾ സ്വതന്ത്രരും ഉന്നതരുമായ ജനങ്ങളാകുന്നു. നിങ്ങൾക്ക് ഈ ലോകവും നല്കപ്പെട്ടിരിക്കുന്നു. പരലോകത്തിന്റെ പ്രതിഫലം അല്ലാഹു തന്റെ ഉത്തരവാദിത്വമാക്കുകയും ചെയ്തിരിക്കുന്നു. ശത്രുക്കളുടെ ആധിക്യം കണ്ടു നിങ്ങൾ ഭയപ്പെട്ട് പോകരുത്. തീർച്ചയായും അല്ലാഹു തന്റെ ആപത്തും ശിക്ഷയും ഇറക്കുന്നവനാകുന്നു.' ഹദ്റത്ത് ഖാലിദ് ജനങ്ങളോട് പറഞ്ഞു; 'ഞാൻ ആക്രമിക്കുമ്പോൾ നിങ്ങളും ആക്രമിക്കുക.'*(താരീഖുൽഖുമയ്സ് വാള്യം 3, പേജ് 230-231, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2009)*

തുടർന്ന് രണ്ടു സൈന്യങ്ങൾക്കുമിടയിൽ ഘോര യുദ്ധം നടന്നു. ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) മുസ്‌ലിമീങ്ങളോട് ഇങ്ങനെ ഉപദേശിച്ചുകൊണ്ട് അവരെ ആവേശഭരിതരാക്കി: 'ജനങ്ങളേ! അല്ലാഹുവിനു മുന്നിൽ തങ്ങളുടെ മരണത്തെ ഓർമിക്കുക. യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞോടി നരകാവശികളാകരുത്. ദീനിന്റെ സംരക്ഷകരേ! ഖുർആൻ പാരായണം ചെയ്യുന്നവരേ! ക്ഷമ കൈക്കൊള്ളുക.' അങ്ങനെ ഘോരയുദ്ധം നടന്നപ്പോൾ റോമക്കാർ പിന്തിരിഞ്ഞോടി. അവർ തങ്ങളുടെ സ്ഥലത്തെത്തി. അപ്പോൾ വർദാൻ തന്റെ സമൂഹത്തിന് മുന്നിൽ പ്രഭാഷണം നടത്തിക്കൊണ്ട് പറഞ്ഞു: 'ഇതാണ് അവസ്ഥയെങ്കിൽ ഈ രാജ്യവും സമ്പത്തും നിങ്ങളിൽനിന്ന് കൈവിട്ടു പോകുന്നതാണ്. അതുകൊണ്ട് ഇപ്പോൾത്തന്നെ ഹൃദയങ്ങളിലെ കറകൾ മായ്ച്ചു കളയുന്നതാണ് ഉചിതം. ഈ ആട്ടിടയന്മാരായ, പട്ടിണിയും പരിവട്ടമുള്ള അടിമകളായ അറബികൾ നമ്മളുമായി യുദ്ധം ചെയ്യുമെന്ന് നമ്മളൊരിക്കലും കരുതിയിരുന്നില്ല. അവരുടെ പട്ടിണിയാണ് അവരെ നമ്മുടെ അടുത്ത് പറഞ്ഞയച്ചത്. ഇപ്പോൾ അവർ ഇവിടെ വന്ന് ഫലങ്ങളും കായ്കനികളും തിന്നിരിക്കുന്നു. ചവ്വരിക്ക് പകരം ഗോതമ്പ് ചപ്പാത്തി അവർക്ക് ലഭിക്കുന്നു. സുർക്കയ്ക്കു പകരം തേൻ കുടിക്കുന്നു. അത്തിപ്പഴത്തിന്റേയും മുന്തിരിയുടേയും മറ്റു ഫലങ്ങളുടേയും രുചി ആസ്വദിക്കുന്നു.' തുടർന്ന് അയാൾ കുറച്ച് നേതാക്കന്മാരെ വിളിച്ച് വരുത്തി അവരോട് കൂടിയാലോചന ചെയ്തുകൊണ്ട് പറഞ്ഞു: 'മുസ്‌ലിമീങ്ങളുടെ നേതാവിനെ എന്തെങ്കിലും ഉപായം മുഖേന വഞ്ചനാപൂർവം കൊല ചെയ്യുകയാണെങ്കിൽ ബാക്കി എല്ലാവരും പിന്തിരിഞ്ഞോടുന്നതാണ്.

നിങ്ങൾ ആദ്യം പത്ത് സൈനികരെ ഒളിഞ്ഞിരിക്കാൻ പറഞ്ഞയക്കുക. പിന്നെ മുസ്‌ലിമീങ്ങളുടെ നേതാവിനെ സംഭാഷണത്തിനുവേണ്ടി ക്ഷണിക്കുക. അങ്ങനെ അദ്ദേഹം സംസാരിക്കാൻ വരുമ്പോൾ തക്കം പാർത്തിരിക്കുന്ന സൈനികർ ഒന്നിച്ചുകൂടി അയാളെ കൊല്ലണം.

അങ്ങനെ റോമക്കാരുടെ നേതാവ് വളരെ നയചാതുരിയോടെ സംസാരിക്കാൻ കഴിയുന്ന ഒരാളെ ഹദ്റത്ത് ഖാലിദിന്റെ അടുത്ത് അയച്ചു. അയാൾ മുസ്‌ലിമീങ്ങളുടെ അടുത്തെത്തിയപ്പോൾ ഇങ്ങനെ ഉറക്കെ വിളിച്ചുപറഞ്ഞു: 'അറബികളേ! രക്തം ചിന്തുന്നതും കൊലപ്പെടുത്തുന്നതും മതിയായില്ലേ? ഞങ്ങൾ സന്ധിയിലാകാനുള്ള ഒരു നിർദേശവുമായാണ് വരുന്നത്. ആയതിനാൽ നിങ്ങളുടെ നേതാവ് ഞാനുമായി സംഭാഷണത്തിനു മുന്നോട്ടു വരട്ടെ.' ഹദ്റത്ത് ഖാലിദ് മുന്നോട്ടു വന്നു. എന്നിട്ട് പറഞ്ഞു: 'നീ എന്ത് സന്ദേശവുമായിട്ടാണ് വന്നിട്ടുള്ളതെന്ന് പറയുക. പക്ഷേ, സത്യം അവലംബിക്കേണ്ടതാണ്.' അയാൾ പറഞ്ഞു: 'ഞങ്ങളുടെ നേതാവ് രക്തച്ചൊരിച്ചിൽ ഇഷ്ടപ്പെടുന്നില്ല. ഇതുവരെ കൊല്ലപ്പെട്ട ആളുകളെ കുറിച്ച് അദ്ദേഹത്തിന് വല്ലാത്ത സങ്കടമുണ്ട്. അതുകൊണ്ട് നിങ്ങൾക്കെന്തെങ്കിലും സമ്പത്ത് തന്നുകൊണ്ട് സന്ധി ചെയ്യണമെന്നും യുദ്ധം അവസാനിപ്പിക്കണമെന്നും ആഗ്രഹിക്കുന്നു.' സംഭാഷണത്തിന്നിടയിൽ അല്ലാഹു ആഗതന്റെ ഹൃദയത്തിൽ ഭയമുളവാക്കുകയും ഹദ്റത്ത് ഖാലിദിനോട് തന്റേയും തന്റെ കുടുംബത്തിന്റേയും സംരക്ഷണം നൽകാമെന്ന ഉറപ്പിന്മേൽ തന്റെ നേതാവിന്റെ എല്ലാ പദ്ധതികളും വെളിപ്പെടുത്തുകയും ചെയ്തു. അയാൾക്ക് ഹദ്റത്ത് ഖാലിദിനെ എങ്ങനെ ഒളിഞ്ഞിരുന്നു ആക്രമിക്കണമെന്ന് തുടങ്ങി എല്ലാ പദ്ധതികളെ കുറിച്ചും അറിയാമായിരുന്നു. ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'നീ വഞ്ചിക്കുകയില്ലെങ്കിൽ ഞാൻ നിനക്കും നിന്റെ കുടുംബത്തിനും അഭയം നൽകുന്നതാണ്.' അങ്ങനെ അയാൾ തിരിച്ചു പോയി തന്റെ നേതാവിനോട് ഹദ്റത്ത് ഖാലിദ് സംഭാഷണത്തിന് തയ്യാറാണെന്ന് അറിയിച്ചു. അയാൾ വളരെ സന്തോഷിച്ചു. സംഭാഷണത്തിന് നിശ്ചയിച്ച സ്ഥലത്തുള്ള ഒരു കുന്നിൻ പിറകിൽ പത്ത് സൈനികരോട് തക്കം പാർത്തിരിക്കാൻ കല്പിച്ചു. ഹദ്റത്ത് ഖാലിദിന് അവരുടെ പദ്ധതികളെ കുറിച്ച അറിഞ്ഞിരുന്നതു കൊണ്ട് അദ്ദേഹം ഹദ്റത്ത് ളിറാർ അടക്കമുള്ള പത്ത് മുസ്‌ലിമീങ്ങളെ അവർ ഒളിച്ചിരുന്ന സ്ഥലത്ത് പറഞ്ഞയച്ചു. മുസ്‌ലിമീങ്ങൾ അവിടെയെത്തി റോമൻ പട്ടാളക്കാരെ വളയുകയും അവരെ കൊന്നു തൽസ്ഥാനങ്ങളിൽ ഇരുപ്പുറപ്പിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് റോമൻ നേതാവുമായി സംസാരിക്കാൻ പോയി. ഇരുഭാഗത്തും സൈന്യങ്ങൾ മുഖാമുഖം നിൽക്കുകയാണ്. റോമൻ നേതാവും അവിടെയെത്തി. ഹദ്റത്ത് ഖാലിദ് അയാളോട് പറഞ്ഞു: 'നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾ ഞങ്ങളുടെ സഹോദരങ്ങളായിത്തീരും. അല്ലാത്ത പക്ഷം യുദ്ധക്കരം നൽകുക. അതു മല്ലെങ്കിൽ യുദ്ധത്തിന് തയ്യാറാകുക.

റോമൻ നേതാവിന് തക്കം പാർത്തിരിക്കുന്ന സൈനികരിൽ പൂർണ പ്രതീക്ഷയുണ്ടായിരുന്നു. അങ്ങനെ അയാൾ പൊടുന്നനെ ഹദ്റത്ത് ഖാലിദിനുമേൽ വാൾ ചുഴറ്റി. അദ്ദേഹത്തിന്റെ രണ്ടു കൈകളും പിടിച്ചു. ഹദ്റത്ത് ഖാലിദും തിരിച്ച് ആക്രമിച്ചു. റോമൻ നേതാവ് തന്റെ ആളുകളോട് വിളിച്ചു പറഞ്ഞു: 'വേഗം ഓടിവരുവിൻ! ഞാൻ മുസ്‌ലിം നേതാവിനെ പിടികൂടിയിരിക്കുന്നു.' കുന്നിൻച്ചരുവിന് പിന്നിലുണ്ടായിരുന്ന സ്വഹാബാക്കൾ ഈ ശബ്ദം കേട്ടുടനെ ഊരിപ്പിടിച്ച വാളുമായി കുതിച്ചെത്തി. വർദാൻ ആദ്യം കരുതിയത് അതൊക്കെ തന്റെ ആളുകളാണെന്നാണ്. പക്ഷേ, ഹദ്റത്ത് ളിറാറിനെ കണ്ടപ്പോൾ അയാളുടെ ശ്വാസം നിലച്ചു. തുടർന്ന് ഹദ്റത്ത് ളിറാറും മറ്റു സൈനികരും ചേർന്ന് അയാളെ കാലപുരിക്കയച്ചു. റോമക്കാർ തങ്ങളുടെ നേതാവിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ അവരുടെ ആവേശം തണുത്തുപോയി. *(ഫുതൂഹാത്തെ ശാം, മൗലാനാ ഫള്ൽ മുഹമ്മദ് യൂസുഫ് സഈ, പേജ് 97-104, മക് തബ ഈമാൻ വ യഖീൻ 2011)*

തുടർന്ന് ജനങ്ങൾ പരസ്പരം യുദ്ധം തുടങ്ങി. റോമക്കാരുടെ മറ്റൊരു നേതാവ് മുസ്‌ലിമീങ്ങളുടെ യുദ്ധഗതി കണ്ടപ്പോൾ തന്റെ ആളുകളോട് പറഞ്ഞു:'എന്റെ തലയിൽ ഒരു തുണി ചുറ്റുക.' എന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് അവർ ചോദിച്ചു. അയാൾ പറഞ്ഞു: 'ഇന്ന് വളരെ ദുശ്ശകുനം


**ത്വാലിബെ ദുആ**



**SABIR BURQA HOUSE**

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

**CIVIL LINES ROAD, OPP.FOUR STORY QADIAN**
CONTACT NO: 98884 45694 (SABIR AHMAD)


**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*


**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 29 September 2022 Issue-39

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

നിറഞ്ഞ ദിവസമാകുന്നു. ഞാന്‍ അതു കാണാനാഗ്രഹിക്കുന്നില്ല. ഞാന്‍ ഇന്നുവരെയും ലോകത്ത് ഇത്രയും കഠിനമായ ഒരു ദിവസം കണ്ടിട്ടില്ല.' നിവേദകന്‍ പറയുന്നു: 'മുസ്‌ലിമീങ്ങള്‍ അയാളുടെ തലകൊയ്തപ്പോള്‍ അത് തുണിയില്‍ പൊതിഞ്ഞ അവസ്ഥയിലായിരുന്നു. *(താരീഖ് ത്വബരി വാള്യം 2, പേജ് 347, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത്1987)*

ഈ യുദ്ധത്തില്‍ റോമക്കാരുടെ എണ്ണം ഒരു ലക്ഷത്തോളമുണ്ടായിരുന്നു.*(ഫുത്തൂഹുല്‍ബുല്‍ദാന്‍ ലിഇമാം അബില്‍ ഹസന്‍ അല്‍ബലാദരീ, പേജ് 74, ദാറുല്‍ കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത് 2000)* മുസ്‌ലിമീങ്ങളുടെ എണ്ണം മുപ്പതിനായിരമായിരുന്നു. *(അല്‍ഖലീഫത്തുല്‍ ഔവ്വല്‍ അബൂബക്ര്‍ സിദ്ദീഖ് ശഖ്‌സിയ്യത്ത് വ അസ് റഹൂ,അലി മുഹമ്മദ് അസ്സ്വലാബി, പേജ് 312, ദാറുല്‍ മഅ്‌രിഫ ബെയ്‌റുത്ത് 2006)* മറ്റൊരു നിവേദനത്തില്‍ മുപ്പത്തിഅയ്യായിരമെന്നുമുണ്ട്.*(അശ്‌റമുബശ്ശ്‌റ, ബശീര്‍ സാജിദ്, പേജ് 805, അല്‍ബദ്ര്‍ പബ്ലിക്കേഷന്‍സ് ലാഹോര്‍ 2000)* ഈ യുദ്ധത്തില്‍ മൂവായിരം റോമക്കാര്‍ കൊല്ലപ്പെട്ടു. അവരുടെ പരാജിത സൈന്യം പട്ടണത്തിലെ വിവിധ ഇടങ്ങളില്‍ അഭയം തേടാന്‍ നിര്‍ബന്ധിതരായി.*(താരീഖുല്‍ ഖുമയ്‌സ് വാള്യം 3, പേജ് 231,ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത് 2009)*

അജ്‌നാദയ്ന്‍ കീഴടക്കിയശേഷം ഹദ്‌റത്ത് ഖാലിദ് ബിന്‍ വലീദ് ഹദ്‌റത്ത് അബൂബക്ര്‍(റ)ന് ഒരു കത്ത് മുഖേന ആ സുവാര്‍ത്ത അറിയിക്കുകയും ചെയ്തു. ആ കത്തിന്റെ രൂപം ഇങ്ങനെയാണ്: 'അസ്സലാമു അലയ്ക്കും. ഞങ്ങള്‍ മുശ്‌രിക്കീങ്ങളുമായി യുദ്ധം ചെയ്തു. അവര്‍ ഞങ്ങള്‍ക്കെതിരില്‍ വലിയ വലിയ സൈന്യങ്ങളെ അജ്‌നാദയ്‌നില്‍ ഒരുമിച്ചു കൂട്ടിയിരുന്നു. അവര്‍ തങ്ങളുടെ കുരിശുകളും ഗ്രന്ഥങ്ങളും ഉയര്‍ത്തി പിടിച്ചിരുന്നു. അവര്‍ പിന്തിരിഞ്ഞോടില്ലെന്ന് ദൈവത്തെക്കൊണ്ട് സത്യം ചെയ്തിരുന്നു. എത്രത്തോളമെന്നാല്‍, ഞങ്ങളെ നശിപ്പിക്കുമെന്നും നാട്ടില്‍നിന്ന് പുറത്താക്കുമെന്നും ശപഥം ചെയ്തവരായിരുന്നു. ഞങ്ങളും അല്ലാഹുവില്‍ ദൃഢ വിശ്വാസത്തോടെയും പൂര്‍ണ അര്‍പ്പണത്തോടെയും പുറപ്പെട്ടു. പിന്നെ ഞങ്ങള്‍ ആദ്യം ശരങ്ങള്‍ എയ്തു. തുടര്‍ന്ന് വാളുകള്‍ പുറത്തെടുക്കുകയും അതുമുഖേന ശത്രുക്കളെ വീഴ്ത്തുകയും ചെയ്തു. എത്രത്തോളമെന്നാല്‍, ഒരു ഒട്ടകത്തെ ബലിയറുത്ത് തയ്യാറാക്കാനുള്ള സമയമേ വേണ്ടി വന്നുള്ളൂ.

തുടര്‍ന്ന് അല്ലാഹു തന്റെ സഹായം വര്‍ഷിക്കുകയും തന്റെ വാഗ്ദാനം പൂര്‍ത്തിയാക്കുകയും അവിശ്വാസികളെ പരാജയപ്പെടുത്തുകയും ചെയ്തു. ഞങ്ങള്‍ അവരെ എല്ലാ ഇടുങ്ങിയതും വിസ്താരമുള്ള വഴികളിലും താഴ്‌വരകളിലും മരണക്കയത്തിലേക്ക് തള്ളിവിട്ടു. തന്റെ ദീനിനെ വിജയിപ്പിക്കുകയും തന്റെ ശത്രുക്കളെ നിന്ദ്യരാക്കുകയും തന്റെ സുഹൃത്തുക്കളോട് നല്ലരീതിയില്‍ വര്‍ത്തിക്കുകയും ചെയ്ത അല്ലാഹുവിനുതന്നെയാണ് സര്‍വ്വസ്തുതിയും. ഈ കത്ത് ഹദ്‌റത്ത് അബൂബക്ര്‍(റ)ന് മുന്നില്‍ വായിച്ച് കേള്‍പ്പിക്കുമ്പോള്‍ അദ്ദേഹം മരണശയ്യയിലായിരുന്നു. ഈ വിജയം അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'അല്‍ഹംദുലില്ലാഹ്! സകല സ്തുതികളും അല്ലാഹുവിനാകുന്നു. അവന്‍ മുസ്‌ലിമീങ്ങളെ സഹായിക്കുകയും എന്റെ കണ്ണുകള്‍ക്ക് കുളിര്‍മ നല്‍കുകയും ചെയ്തിരിക്കുന്നു. *(താരീഖുല്‍ ഖുമയ്‌സ് വാള്യം 3, പേജ് 231–232,ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത് 2009)*

അജ്‌നാദയ്ന്‍ യുദ്ധത്തെ കുറിച്ച് അത് എപ്പോഴാണുണ്ടായതെന്ന കാര്യത്തില്‍ സംശയമുണ്ട്. ചിലരുടെ വീക്ഷണത്തില്‍ ഇത് ഹദ്‌റത്ത് ഉമറിന്റെ കാലത്താണുണ്ടായത്. ഇത് സംബന്ധിച്ച ഒരു വിശദീകരണം ഞാന്‍ നല്‍കാന്‍ ആഗ്രഹിക്കുന്നു: 'ഈ വിജയം എപ്പോഴാണുണ്ടായതെന്നതിനെ കുറിച്ച് ഒരു നിവേദനമനുസരിച്ച് പറയുന്നു. ഈ യുദ്ധം ഹിജ്‌റ പതിമൂന്നാം വര്‍ഷം ഹദ്‌റത്ത് അബൂബക്ര്‍(റ)ന്റെ വഫാത്തിന് ഇരുപത്തിനാലു ദിവസം അല്ലെങ്കില്‍ ഇരുപതു ദിവസം അതുമല്ലെങ്കില്‍ മുപ്പത്തിനാലു ദിവസം മുമ്പേയാണ് നടന്നത്. *(താരീഖുല്‍ ഖുമയ്‌സ് വാള്യം 3, പേജ് 232,ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത് 2009)(ഫുത്തൂഹുല്‍ബുല്‍ദാന്‍ ലിഇമാം അബില്‍ഹസന്‍ അല്‍ബലാദരീ, പേജ് 74, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്‌റുത്ത് 2000)*

ചില ചരിത്രകാരന്മാര്‍ ഈ യുദ്ധം ഹദ്‌റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്‌റ പതിനഞ്ചാം വര്‍ഷമാണ് നടന്നതെന്ന് പറയുന്നുണ്ട്.*(അല്‍കാമില്‍ ഫിത്താരീഖ്, വാള്യം 2, പേജ് 266, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്‌റുത്ത് 2002)*

ഏതായിരുന്നാലും നമ്മുടെ ഗവേഷകരുടെ ഗവേഷണമനുസരിച്ച് അത് ശരിയാണെന്നും തോന്നുന്നു. അജ്‌നാദയ്ന്‍ എന്ന സ്ഥലത്ത് രണ്ടു തവണ യുദ്ധം ഉണ്ടായിട്ടുണ്ടാകാം. ആദ്യത്തെ തവണ ഹദ്‌റത്ത് അബൂബക്ര്‍(റ)ന്റെ ഖിലാഫത്ത് കാലത്തും രണ്ടാമത്തേത് ഹദ്‌റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്തും. കാരണം ചില ചരിത്ര ഗ്രന്ഥങ്ങളില്‍ രണ്ടു സന്ദര്‍ഭങ്ങളിലായി വ്യത്യസ്ത സൈന്യങ്ങളെകുറിച്ച് പറയുന്നുണ്ട്. ഹിജ്‌റ പതിമൂന്നിലുണ്ടായ യുദ്ധത്തിലെ സൈന്യാധിപന്‍ ഹദ്‌റത്ത് ഖാലിദ് ബിന്‍ വലീദ് ആയിരുന്നു. ഹിജ്‌റ പതിനഞ്ചിലുണ്ടായ യുദ്ധത്തിന്റെ സൈന്യാധിപന്‍ ഹദ്‌റത്ത് അംറ് ബിന്‍ ആസ്വിയായിരുന്നു. ഏതായിരുന്നാലും അല്ലാഹുവാണ് ഏറ്റവും കൂടുതല്‍ അറിയുന്നവന്‍!

ഇനി ഡമാസ്‌കസ് വിജയത്തെ കുറിച്ചുള്ള വിശദീകരണമാണ്. അത് ഇന്‍ശാ അല്ലാഹ് തുടരും.

**പേജ് 1 ല്‍ നിന്ന്**

ട്ടതിലും വിലക്കപ്പെട്ടതിലും യഥാര്‍ഥ അനുവദനീയതയുണ്ടെന്നാണ് ഖുര്‍ആനിക വാക്കുകള്‍ പറയുന്നത്. നിഷിദ്ധമാക്കപ്പെട്ടത് ഒരു തടവറ എന്ന നിലയ്ക്കാണുള്ളത്. അല്ലാഹു അനുവദനീയമാക്കിയിട്ടുള്ളതൊഴിച്ച് എല്ലാ വസ്തുക്കളും നിഷിദ്ധമാണെന്നാണ് ചിലയാളുകള്‍ കരുതുന്നത്. കാരണം അല്ലാഹു ഉടമസ്ഥനാണ്. ഉടമസ്ഥന്റെ അനുവാദമില്ലാതെ ഒരു വസ്തുവിന്റേയും ഉപയോഗം അനുവദനീയമല്ല. പക്ഷേ, ഇതു ശരിയല്ല. കാരണം താന്‍ എല്ലാവസ്തുക്കളും ഉണ്ടാക്കിയിട്ടുള്ളത് മനുഷ്യനുവേണ്ടിയാണെന്ന് അല്ലാഹു പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അവ അവനുവേണ്ടി അധീനപ്പെടുത്തപ്പെട്ടതാണ്. അതിനാല്‍ ഈ പൊതുവായ കല്പനയാല്‍ എല്ലാ വസ്തുക്കളും മുനഷ്യനു അനുവദനീയമാണ്; മനസ്സാലോ അല്ലെങ്കില്‍ സൂചനയാലോ തടയപ്പെട്ടിട്ടുള്ളവ ഒഴികെ!

ഈ വചനത്തില്‍ ***ലഹ്മുല്‍ഖിന്‍സീറ*** എന്ന് പറഞ്ഞിട്ടുള്ളതില്‍ കര്‍മശാസ്ത്രപണ്ഡിതന്മാര്‍ക്കിടയില്‍ അഭിപ്രായ ഭിന്നതുയുണ്ട്. അതായത് ***ലഹ്മ്*** എന്നതില്‍ കൊഴുപ്പുംപെടുമോ? നിഘണ്ടുവില്‍ ***ശഹ്മ്*** നെ അതായത് കൊഴുപ്പിനെ ലഹ്മില്‍നിന്ന് വേറിട്ട തരത്തിലാണ് ധരിക്കുന്നത്. പക്ഷേ, ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പറയുന്നത് ***ലഹ്മ്*** എന്ന പദത്തില്‍ ശഹ്മും പെടുന്നുണ്ടെന്നാണ്. മുഫസ്സിരീങ്ങളുടെ തെളിവ് താല്‍പര്യപരമായിട്ടുള്ളതാണ്. നിഘണ്ടുകര്‍ത്താക്കള്‍ പറയുന്ന കാര്യങ്ങള്‍ ഈ പ്രശ്നത്തില്‍ കൂടുതല്‍ വിശ്വാസാര്‍ഹമാണ്. എന്നാല്‍, അതുണ്ടായിട്ടും എന്റെ പക്കല്‍ പന്നിയുടെ കൊഴുപ്പ് അനുവദനീയമല്ല. അതിനുള്ള തെളിവ് എന്റെ പക്കലുള്ളത്, നബി(സ)തിരുമേനി പറഞ്ഞു:ചത്തമൃഗത്തിന്റെ കൊഴുപ്പ് നഷിദ്ധമാണ്. പന്നിയെ ഹറാമാക്കലും ശവത്തെ ഹറാമാക്കലും ഒരേയൊരു ആയത്തിലാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് രണ്ടിന്റേയും കല്‍പന ഒരു തരത്തിലുള്ളതാണെന്ന് മനസ്സിലാക്കപ്പെടുന്നതായിരിക്കും. പക്ഷേ, പന്നിയുടെ തുകല്‍ ഉപയോഗിക്കുന്നത് അനുവദനീയമായിരിക്കും. കാരണം അത് ഭക്ഷിക്കപ്പെടുന്നില്ല.

ഹദീഥുകളില്‍ ഒരു സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്‌റത്ത് ഉമ്മുസല്‍മായുടെ ഒരു ആട് ചത്തുപോയി. കുറച്ചാളുകള്‍ അതിനേയുമെടുത്ത് വെളിയില്‍ പോകുകയായിരുന്നു. നബി(സ)തിരുമേനി അവരോടു പറഞ്ഞു:നിങ്ങള്‍ അതിന്റെ തുകല്‍ എന്തുകൊണ്ടാണ് എടുക്കാത്തത്? അവര്‍ പറഞ്ഞു: യാ റസൂലല്ലാഹ്!ഇത് ചത്തതാണല്ലോ? അവിടന്ന് ചോദിച്ചു: നിങ്ങള്‍ അതിനെ തിന്നുമോ?

ഏതൊന്നിന്റെ മാംസമാണോ നിഷിദ്ധമായിട്ടുള്ളത് അതിന്റെ തുകല്‍ ഉപയോഗിക്കുന്നതുകൊണ്ട് കുറ്റമൊന്നുമില്ല. പന്നിയുടെ രോമംകൊണ്ടുണ്ടാക്കുന്ന ബ്രഷ് വെറുക്കപ്പെട്ടതെന്ന് പറയപ്പെടുന്നതാണ്. കാരണം അത് വായിലാണല്ലോ ഇടുന്നത്. അതാണെങ്കില്‍ തിന്നുന്നതിനുള്ള വാതിലാണ്. *(തഫ്‌സീറെ കബീര്‍ വാള്യം 4, പേജ് 260 പ്രസാധനം ഖാദിയാന്‍ 2010)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin